12
2025
നവംബർ
ബുധൻ
തുലാം 26

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 282 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-282 പേജ് 4. വില 2.00 രൂപ

02 വീണ്ടും കുതിച്ചുയർന്ന് സ്വർണവില; പവന് ഒറ്റയടിക്ക് കൂടിയത് 1,800 രൂപ

03 പാക്കിസ്ഥാനിൽ സ്ഫോടനം; 12 പേർ മരിച്ചു; 21 പേർക്ക് പരിക്കേറ്റു

04 അഭിമന്യു കൊലക്കേസ്; പ്രാരംഭ വാദം ഡിസംബർ മൂന്നിന് തുടങ്ങും

# ചെങ്കോട്ട സ്ഫോടനം: ജാഗ്രതാ നിർദേശം, നിരീക്ഷണം ശക്തമാക്കും

തിരുവനന്തപുരം: ഡൽഹിയിലെ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലും അതീവ ജാഗ്രതാ നിർദേശം. തന്ത്രപ്രധാന കേന്ദ്രങ്ങളിൽ സുരക്ഷാ പരിശോധനയും പോലീസ് വിന്യാസവും ശക്തമാക്കി. സംസ്ഥാനത്തെ റെയിൽവെ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ, ബസ് സ്റ്റാൻഡുകൾ, ജനത്തിരക്കേറിയ സ്ഥലങ്ങൾ ഉൾപ്പെടെയുള്ളിടത്താണ് പരിശോധനകൾ കർശനമാക്കിയിരിക്കുന്നത്.ഡോഗ് സ്ക്വാഡ്, ബോംബ് സ്ക്വാഡ് എന്നിവരുടെ സഹായത്തോടെയാണ് പോലീസ് പരിശോധന നടക്കുന്നത്. തിരുവനന്തപുരം വിമാനത്താവള പരിസരം, തമ്പാനൂർ റെയിൽവെ സ്റ്റേഷൻ, കൊച്ചുവേളി റെയിൽവെ സ്റ്റേഷൻ, തമ്പാനൂർ ബസ് ഡിപ്പോ, കിഴക്കേകോട്ട ബസ് ഡിപ്പോ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലാണ് ഇന്നു രാവിലെ മുതൽ പരിശോധന തുടങ്ങിയത്. യാത്രക്കാരുടെ ലഗേജുകൾ ഉൾപ്പെടെ സ്കാനർ ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പരിശോധന തുടരുന്നത്.



സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖറിന്റെ നിർദേശാനുസരണം ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിലാണ് സുരക്ഷാ പരിശോധന പുരോഗമിക്കുന്നത്. സംശയാസ്പദമായി നിലയിൽ വ്യക്തികളെയും ഉപേക്ഷിക്കപ്പെട്ട നിലയിൽ ലഗേജുകളും കാണപ്പെട്ടാൽ ജനങ്ങൾ പോലീസിനെ അറിയിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. ആർപിഎഫ്, സായുധ പോലീസ് ഉൾപ്പെടെ പരിശോധന സംഘത്തിലുണ്ട്.

## അന്വേഷണം എൻഐഎ ഏറ്റെടുത്തു

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടനത്തിന്റെ അന്വേഷണം എൻഐഎ ഏറ്റെടുത്തു. ചാവേർ ആക്രമണ സാധ്യതയാണ് അന്വേഷണ ഏജൻസിയും സംശയിക്കുന്നത്. അന്വേഷണത്തിന്റെ ഭാഗമായി ചാവേറെന്ന് സംശയിക്കുന്ന ഡോ. ഉമർ മുഹമ്മദിന്റെ അമ്മയെയും രണ്ട് സഹോദരന്മാരെയും പോലീസ് കസ്റ്റഡിയിലെടുത്തു.

മൃതദേഹം ഉമറിൻറേതാണോയെന്ന് സ്ഥിരീകരിക്കാൻ ഇവരുടെ ഡിഎൻഎ സാമ്പിളുകൾ ശേഖരിക്കും. ഫരീദാബാദിൽ നിന്നും അറസ്റ്റിലായ ഡോക്ടർമാരുടെ സംഘാംഗങ്ങളാണ് ആക്രമണത്തിനു പിന്നിലെന്നാണ് പോലീസിന്റെ വിലയിരുത്തൽ. ഭീകരർ ലക്ഷ്യമിട്ടത് തിരക്കേറിയ ചാന്ദ്നി ചൗക്ക് മാർക്കറ്റാണെന്ന സൂചന പുറത്തുവന്നിരുന്നു.

സ്ഫോടനം നടത്തിയ വെള്ള നിറത്തിലുള്ള ഹ്യുണ്ടായ് ഐ20 കാറിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. വാഹനം മൂന്നു മണിക്കൂറിലധികം ചെങ്കോട്ടയ്ക്ക് സമീപമുള്ള പാർക്കിംഗ് സ്ഥലത്ത് നിർത്തിയിട്ടിരുന്നതായാണ് സിസിടിവി ദൃശ്യങ്ങളിൽ നിന്ന് വ്യക്തമാകുന്നത്.

കറുത്ത മാസ്ക് ഇട്ടയാൾ പാർക്കിംഗ് ഗ്രൗണ്ടിൽ നിന്ന് കാറുമായി ഇറങ്ങുന്ന ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്. സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്തെ തന്ത്രപ്രധാന സ്ഥലങ്ങളിൽ സുരക്ഷ ശക്തമാക്കി.

## ഉത്തരവാദികളെ വെറുതെവിടില്ലെന്ന് രാഷ്ട്രത്തിന് ഉറപ്പ് നൽകുന്നു- പ്രതിരോധമന്ത്രി

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടനത്തിന് ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. ഒരു സാഹചര്യത്തിലും അവരെ വെറുതെ വിടില്ലെന്ന് രാഷ്ട്രത്തിന് ഉറപ്പ് നൽകുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'സ്ഫോടനത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. മരിച്ചവരുടെ കുടുംബങ്ങൾക്ക് കരുത്ത് നൽകണമെന്ന് പ്രാർഥിക്കുന്നു. ദുരന്തത്തിന് ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരും. ഒരു സാഹചര്യത്തിലും അവരെ വെറുതെ വിടില്ലെന്ന് ഉറപ്പ് നൽകുന്നു. '- രാജ്നാഥ് സിംഗ് പറഞ്ഞു. അതേസമയം, സ്ഫോടനത്തിനു പിന്നിൽ പ്രവർത്തിച്ചവരെ വെറുതെവിടില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രതികരിച്ചിരുന്നു. സംഭവം ഉള്ളുലയ്ക്കുന്നതാണ്. ഉറ്റവരെ നഷ്ടമായവരുടെ വേദന മനസിലാക്കുന്നു. തിങ്കളാഴ്ച രാത്രി മുഴുവൻ സ്ഥിതിഗതികൾ വിലയിരുത്തി. അന്വേഷണ ഏജൻസികൾ ആഴത്തിൽ പരിശോധിക്കും. ഇരകൾക്ക് നീതി ഉറപ്പാക്കുമെന്നും പ്രധാനമന്ത്രി ഉറപ്പ് നൽകി. ഭൂട്ടാൻ സന്ദർശനത്തിനിടെയായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

## കൊല്ലപ്പെട്ട അഞ്ചുപേരെ തിരിച്ചറിഞ്ഞു

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടനത്തിൽ കൊല്ലപ്പെട്ടവരിൽ അഞ്ചുപേരെ തിരിച്ചറിഞ്ഞു. യുപി സ്വദേശി ദിനേശ് മിശ്ര, ഡൽഹി സ്വദേശിയായ വസ്ത്രവ്യാപാരി അമർ കഠാരിയ, ഓട്ടോറിക്ഷാ ഡ്രൈവർ മൊഹ്സിൻ, ബിഹാർ സ്വദേശി പങ്കജ് സൈനി, യുപി സ്വദേശി റുമാൻ എന്നിവരെയാണ് തിരിച്ചറിഞ്ഞത്.

മരിച്ച മറ്റുള്ളവർ ഡൽഹി, യുപി സ്വദേശികളാണെന്നാണ് വിവരം. സ്ഫോടനത്തിൽ എട്ടുപേരുടെ മരണമാണ് ഇതുവരെ കേന്ദ്രം ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടുള്ളത്. അതേസമയം, 13 പേർ മരിച്ചതായാണ് അനൗദ്യോഗിക റിപ്പോർട്ട്. മുപ്പതിലേറെ പേർ പരിക്കേറ്റ് ചികിത്സയിലാണ്.

അതേസമയം, സ്ഫോടനം ചാവേർ ആക്രമണമെന്ന് ഡൽഹി പോലീസ് സ്ഥിരീകരിച്ചു. ഫരീദാബാദിലെ ഭീകര സംഘത്തെ അറസ്റ്റ് ചെയ്തതിന് പിന്നാലെ പദ്ധതിയിട്ട ആക്രമണമാണിതെന്നാണ് പോലീസ് വ്യക്തമാക്കുന്നത്. ഭീകരർ ലക്ഷ്യമിട്ടത് തിരക്കേറിയ ചാന്ദ്നി ചൗക്ക് മാർക്കറ്റ് ആണെന്ന സൂചന പുറത്തുവന്നിരുന്നു.

മൂന്ന് ദിവസത്തേക്ക് കർശന പരിശോധന നടത്താനാണ് തീരുമാനം.

യാത്രക്കാരുടെ ബാഗേജുകൾ ഉൾപ്പെടെ പരിശോധിക്കുന്നുണ്ട്. പരിശോധനയ്ക്ക് ഡോഗ് സ്ക്വാഡിനെയും നിയോഗിച്ചിട്ടുണ്ട്.


## കാർ ഓടിച്ചത് ഭീകരവാദിയെന്ന് സൂചന; മൃതദേഹം ഡിഎൻഎ പരിശോധനയ്ക്ക്

ന്യൂഡൽഹി: ചെങ്കോട്ടയ്ക്ക് സമീപം നടന്ന സ്ഫോടനത്തിന് ഉപയോഗിച്ച കാർ ഓടിച്ചത് ഭീകരവാദിയായ ഉമർ മുഹമ്മദ് എന്ന് സൂചന. ഫരീദാബാദ് ഭീകര സംഘത്തിൽ പോലീസ് അന്വേഷിക്കുന്നയാളാണ് ഉമർ മുഹമ്മദ്. സ്ഫോടനത്തിന് ഉപയോഗിച്ച ഐ20 കാറിൽ കണ്ടെത്തിയ മൃതദേഹം ഉമർ മുഹമ്മദിൻറേതാണോയെന്ന് തിരിച്ചറിയാൻ ഡിഎൻഎ പരിശോധന നടത്തും. കറുത്ത മാസ്ക് ധരിച്ച വ്യക്തി റെഡ് ഫോർട്ടിലെ പാർക്കിംഗിൽ നിന്ന് കാറുമായി പുറത്തേക്കിറങ്ങുന്ന ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു.

മാസ്ക് ധരിച്ച വ്യക്തി കാർ ഓടിക്കുന്നതും പുറത്തുവന്ന ദൃശ്യങ്ങളിലുണ്ട്. സംഭവത്തിൽ യുഎപിഎ പ്രകാരം കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. സ്ഫോടനത്തിന് ലക്ഷ്യമിട്ടിരുന്നത് ചാന്ദ്നി ചൗക്ക് മാർക്കറ്റാണെന്നാണ് സൂചന.

## എൻ. വാസുവിനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു; ഗൂഢാലോചന തെളിഞ്ഞെന്ന് എസ്ഐടി കോടതിയിൽ

പത്തനംതിട്ട: ശബരിമല സ്വർണക്കൊള്ളക്കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എൻ. വാസു റിമാൻഡിൽ. ഗുരുതര കണ്ടെത്തലുകളാണ് പ്രത്യേക അന്വേഷണ സംഘത്തിൻറെ റിമാൻഡ് റിപ്പോർട്ടിൽ ഉള്ളത്. പ്രതികളുമായി ഗൂഢാലോചന നടത്തിയെന്നും ഇതുവഴി ബോർഡിന് നഷ്ടമുണ്ടായെന്നും റിമാൻഡ് റിപ്പോർട്ടിൽ പറയുന്നു.



കട്ടിളപ്പാളിയിൽ സ്വർണം പൂശിയതുമായി ബന്ധപ്പെട്ട കേസിലാണ് മൂന്നാം പ്രതിയായ എൻ. വാസുവിനെ അറസ്റ്റ് ചെയ്തത്. പത്തനംതിട്ട കോടതിയാണ് എൻ. വാസുവിനെ പതിനാല് ദിവസത്തേക്ക് റിമാൻഡ് ചെയ്തത്. കൊട്ടാരക്കര സബ് ജയിലിലേക്ക് മാറ്റും. ശബരിമല സ്വർണക്കൊള്ള ക്കേസിൽ അറസ്റ്റിലാകുന്ന ആദ്യ ഉന്നതനാണ് എൻ. വാസു.

സ്വർണം പൊതിഞ്ഞ പാളികൾ എന്നത് രേഖയിൽനിന്ന് ഒഴിവാക്കി ചെമ്പുപാളികൾ എന്ന് രേഖപ്പെടുത്തിയാണ് നവീകരണത്തിന് ശുപാർശ നൽകിയതെന്നും ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൈവശം കൊടുത്തുവിടാൻ എൻ. വാസു ഇടപെടൽ നടത്തിയെന്നും എസ്ഐടി കോടതിയിൽ അറിയിച്ചു. ഇതര പ്രതികളുമായി ചേർന്ന് എൻ. വാസു ഗൂഢാലോചന നടത്തിയെന്ന കാര്യം തെളിഞ്ഞിട്ടുണ്ടെന്നും എസ്ഐടി പറയുന്നു.

വൈകുന്നേരം 7.10ഓടെയാണ് എൻ. വാസുവുമായി പ്രത്യേകാന്വേഷണ സംഘം പത്തനംതിട്ട ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ എത്തിയത്. റാന്നി കോടതി അവധി ആയതിനാലാണ് പത്തനംതിട്ട കോടതിയിൽ ഹാജരാക്കിയത്. ചേംബറിലാണ് ജഡ്ജിക്കുമുന്നിൽ എൻ. വാസുവിനെ ഹാജരാക്കിയത്. ഗൂഢാലോചന, വ്യാജരേഖ ചമയ്ക്കൽ, സ്വർണ മോഷണം അടക്കമുള്ള കുറ്റങ്ങൾ എൻ. വാസുവിനെതിരേ ചുമത്തിയിട്ടുണ്ട്.

ശബരിമലയിൽ സ്വർണക്കൊള്ള നടന്ന 2019ൽ എൻ. വാസു ദേവസ്വം ബോർഡ് കമ്മീഷണറായിരുന്നു. കട്ടിളപ്പാളിയിലെ സ്വർണപ്പാളികൾ ചെമ്പാണെന്ന് എഴുതാൻ കമ്മിഷണറായിരുന്ന വാസു 2019 മാർച്ച് 19ന് നിർദേശം നൽകിയെന്ന് സ്ഥിരീകരിച്ചതിനെ തുടർന്നാണ് വാസുവിനെ കേസിൽ മൂന്നാം പ്രതിയാക്കിയത്. അധികംവന്ന സ്വർണം സ്പോൺസറുടെ കൈവശമുണ്ടെന്ന് അറിഞ്ഞിട്ടും വാസു നടപടിയെടുത്തില്ലെന്നാണ് ഇക്കാര്യത്തിൽ അദ്ദേഹത്തിനെതിരേ ഉയർന്നിരുന്ന ആരോപണം.

## അൻവറിന്റെയും ജാനുവിന്റെയും യുഡിഎഫ് പ്രവേശനം; ജില്ലാ നേതാക്കളുടെ അഭിപ്രായം തേടി

തിരുവനന്തപുരം: ഇടത് മുന്നണിയുമായി തെറ്റിപ്പിരിഞ്ഞ പി. വി. അൻവറിനെയും എൻഡിഎയിൽ നിന്ന കന്ന സി. കെ. ജാനുവിനെയും യുഡിഎഫിൽ സഹകരിപ്പിക്കാൻ നീക്കം. ഈകാര്യത്തിൽ ജില്ലാ നേതാക്കളുടെ അഭിപ്രായം യുഡിഎഫ് നേതൃത്വം തേടി.

അൻവറിന്റെ കാര്യത്തിൽ മലപ്പുറത്തെ നേതാക്കളുടെ അഭിപ്രായവും സി. കെ. ജാനുവിന്റെ മുന്നണി പ്രവേശനത്തിൽ വയനാട്ടിലെ നേതാക്കളുടെ അഭിപ്രായവുമാണ് തേടുന്നത്. ഇതിന് ശേഷമാകും ഇരുവരുടെയും കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുക. യുഡിഎഫ് മുന്നണി സഹകരണം ആവശ്യപ്പെട്ട് കഴിഞ്ഞ മാസം ജാനു കത്ത് നൽകിയിരുന്നു. ആലുവയിലെത്തി പ്രതിപക്ഷ നേതാവ് വി. ഡി. സതീശനെ കണ്ട് താത്പര്യമറിയിക്കുകയും കത്ത് നൽകുകയുമായിരുന്നു.

കഴിഞ്ഞ ഒമ്പതിന് ചേർന്ന യുഡിഎഫ് യോഗം കത്ത് ചർച്ച ചെയ്ത ശേഷമാണ് ജില്ലാ നേതാക്കളുടെ അഭിപ്രായം തേടിയിരിക്കുന്നത്. എന്നാൽ രമേശ് ചെന്നിത്തലയും കെ മുരളീധരനും യുഡിഎഫ് യോഗത്തിൽ വിയോജിപ്പ് അറിയിച്ചതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.

## ശബരിമല സ്വർണക്കൊള്ള

### മുഴുവൻ കുറ്റവാളികളുടെ അറസ്റ്റുംദേവസ്വം മന്ത്രിയുടെ രാജിയും ആവശ്യപ്പെട്ട് കോൺഗ്രസ് സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും 12ന്

തിരുവനന്തപുരം : ശബരിമല സ്വർണക്കൊള്ളയിൽ മുഴുവൻ കുറ്റവാളികളുടെ അറസ്റ്റും ദേവസ്വം മന്ത്രിയുടെ രാജിയും ആവശ്യപ്പെട്ട് കെപിസിസിയുടെ നേതൃത്വത്തിൽ നവംബർ 12ന് രാവിലെ 10ന് നടക്കുന്ന സെക്രട്ടേറിയറ്റ് ധർണ്ണ എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ എംപി ഉദ്ഘാടനം ചെയ്യും.കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് എംഎൽഎ, പ്രതിപക്ഷ നേതാവ് വിഡി സതീശൻ,എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷി, കോൺഗ്രസ് പ്രവർത്തക സമിതി അംഗങ്ങൾ, മുൻ കെപിസിസി പ്രസിഡന്റുമാർ, കെപിസിസി വർക്കിംഗ് പ്രസിഡന്റുമാർ,കെപിസിസി രാഷ്ട്രീയകാര്യ സമിതി അംഗങ്ങൾ,കെപിസിസി ഭാരവാഹികൾ, എംപിമാർ,എംഎൽഎമാർ തുടങ്ങിയവർ പങ്കെടുക്കും. ശബരിമല കൊള്ളയിൽ ദേവസ്വം മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് കെപിസിസി നവംബർ 12ന് നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ചിന്റെയും ധർണ്ണയുടെയും മുന്നൊരുക്കങ്ങൾ പ്രസിഡന്റ് സണ്ണി ജോസഫ് എംഎൽഎയുടേയും എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷിയുടേയും നേതൃത്വത്തിൽ വിലയിരുത്തി. കെപിസിസി ആസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള കെപിസിസി ഭാരവാഹികളുടെ യോഗവും ചേർന്നു. ആലോചനായോഗത്തിൽ കെപിസിസി സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി നെയ്യാറ്റിൻകര സനൽ, രാഷ്ട്രീയകാര്യ സമിതി അംഗങ്ങളായ പന്തളം സുധാകരൻ,ചെറിയാൻ ഫിലിപ്പ്,കെപിസിസി വൈസ് പ്രസിഡന്റുമാരായ ശരത് ചന്ദ്രപ്രസാദ്, പാലോട് രവി, എം.വിൻസന്റ് എംഎൽഎ,കെപിസിസി ജനറൽ സെക്രട്ടറിമാരായ എംഎ വാഹിദ്,മണക്കാട് സുരേഷ്, കെ.എസ്.ഗോപകുമാർ,ആർ.ലക്ഷ്മി എന്നിവരും പങ്കെടുത്തു.



# വീണ്ടും കുതിച്ചുയർന്ന് സ്വർണവില; പവന് ഒറ്റയടിക്ക് കൂടിയത് 1,800 രൂപ

കൊച്ചി: സംസ്ഥാനത്ത് സ്വർണവിലയിൽ വീണ്ടും കുതിപ്പ്. ഇന്ന് ഗ്രാമിന് 225 രൂപയും പവന് 1,800 രൂപയുമാണ് വർധിച്ചത്. ഇതോടെ സ്വർണവില ഗ്രാമിന് 11,575 രൂപയിലും പവന് 92,600 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 185 രൂപ വർധിച്ച് 9,525 രൂപയിലെത്തി.

സംസ്ഥാനത്ത് സ്വർണവില ഒരാഴ്ചത്തെ ഇടവേളയ്ക്കുശേഷം തിങ്കളാഴ്ച വീണ്ടും 90, 000നു മുകളിലെത്തിയിരുന്നു. പവന് 880 രൂപയും ഗ്രാമിന് 110 രൂപയുമാണ് തിങ്കളാഴ്ച ഉയർന്നത്. ഒക്ടോബർ 17നും 21നും രേഖപ്പെടുത്തിയ ഗ്രാമിന് 12,170 രൂപയും പവന് 97,360 രൂപയുമാണ് കേരളത്തിലെ സർവകാല ഉയരം.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70, 000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

മേയ് 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴുദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുകയായിരുന്നു. ജൂൺ 14ന് ഗ്രാമിന് 25 രൂപയും പവന് 200 രൂപയും വർധിച്ച സ്വർണവില ഗ്രാമിന് 9,320 രൂപയും പവന് 74,560 രൂപയുമെന്ന ചരിത്രവിലയിലെത്തിയിരുന്നു. പിന്നീട് താഴേക്കുപോയ സ്വർണം ചാഞ്ചാട്ടങ്ങൾക്കൊടുവിൽ വീണ്ടും റിക്കാർഡിലേക്ക് കുതിക്കുകയായിരുന്നു.

ജൂലൈ തുടക്കത്തിൽ 72,160 രൂപയായിരുന്നു ഒരു പവൻ സ്വർണത്തിന്റെ വില. ഒമ്പതിന് 72,000 രൂപയായി താഴ്ന്ന് ആ മാസത്തെ ഏറ്റവും താഴ്ന്ന നിലവാരത്തിൽ എത്തി. പിന്നീട് വില ഉയരുന്നതാണ് ദൃശ്യമായത്. രണ്ടാഴ്ചയ്ക്കിടെ ഏകദേശം 1,400 രൂപ വർധിച്ച സ്വർണവില വീണ്ടും 73,000 കടക്കുകയായിരുന്നു.

പിന്നാലെ 22ന് വീണ്ടും 74,000 പിന്നിടുകയും 23ന് 75,000 രൂപ പിന്നിട്ട് പുതിയ ഉയരം കുറിക്കുകയും ചെയ്തു. 23ന് സ്വർണവില പവന് 75,040 രൂപയും ഗ്രാമിന് 9,380 രൂപയുമായിരുന്ന സ്വർണവില പിന്നീടുള്ള ദിവസങ്ങളിൽ താഴേക്കുപോകുന്നതാണ് കണ്ടത്.

ഓഗസ്റ്റ് തുടക്കത്തിൽ സ്വർണവില വീണ്ടും കുതിക്കുന്ന കാഴ്ചയാണ് കണ്ടത്. എട്ടിന് ഗ്രാമിന് 9,470 രൂപയും പവന് 75,760 രൂപയുമെന്ന റിക്കാർഡ് ഉയരത്തിലെത്തി. പിന്നീട് 12 ദിവസത്തിനിടെ 2,300 രൂപ കുറഞ്ഞ് ഇടിവോടെയാണ് മാസം അവസാനിപ്പിച്ചത്.

സെപ്റ്റംബർ ഒന്നിനാണ് സ്വർണവില 77,000 കടന്നത്. പിന്നീട്, മൂന്നിന് ചരിത്രത്തിലാദ്യമായി 78,000 രൂപ പിന്നിട്ടു. ആറിന് 79,000 കടന്ന സ്വർണവില ഒമ്പതിന് 80, 000 രൂപയും പത്തിന് 81,000 രൂപയും 16ന് 82,000 രൂപയും പിന്നിട്ടു. വൻകുതിപ്പ് ദൃശ്യമായ 23ന് രണ്ടുതവണയായി 1,920 രൂപ കൂടിയതോടെ ഒരേ ദിവസം 83,000 രൂപയും 84,000 രൂപയും പിന്നിട്ട് ചരിത്രംകുറിച്ചു. പിന്നീട് ഒരാഴ്ചത്തെ ഇടവേളയ്ക്കു ശേഷം വീണ്ടും കുതിച്ച സ്വർണം 29ന് 85,000 രൂപ പിന്നിടുകയും 30ന് 86,000 രൂപയെന്ന പുതിയ ഉയരം കുറിക്കുകയുമായിരുന്നു.

ഒക്ടോബർ ഒന്നിന് ചരിത്രത്തിലാദ്യമായി 87,000 പിന്നിട്ട സ്വർണവില പിന്നീട് താഴേക്ക് പോകുന്ന കാഴ്ചയാണ് കണ്ടത്. രണ്ടു ദിവസത്തിനിടെ 880 രൂപയുടെ ഇടിവാണുണ്ടായത്. പിന്നാലെ നാലിന് വീണ്ടും 87,000 പിന്നിട്ട സ്വർണം ആറിന് 88,000 രൂപയും ഏഴിന് 89,000 രൂപയും എട്ടിന് 90, 000 രൂപയും ഒമ്പതിന് 91,000 രൂപയും കടന്നു. തുടർന്ന് 14ന് ഒറ്റയടിക്ക് 2,400 രൂപ ഉയർന്ന സ്വർണവില 94,000 കടക്കുകയും 17ന് 2,440 രൂപ ഉയർന്ന് 97,000 രൂപയെന്ന നാഴികക്കല്ല് പിന്നിടുകയുമായിരുന്നു. എന്നാൽ പിന്നീട് താഴേക്കുപോയ സ്വർണവില 28ന് 89,000 രൂപയിലും താഴെവീഴുകയായിരുന്നു. ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. ഒക്ടോബർ 17ന് അന്താരാഷ്ട്ര സ്വർണവില ട്രോയ് ഔൺസിന് 4,380 ഡോളറിലേക്ക് കുതിച്ചെത്തിയതിനു ശേഷം 3,885 ഡോളർ വരെ കുറഞ്ഞിരുന്നു. റിക്കാർഡ് വില വർധനയ്ക്കു ശേഷം ഏകദേശം പത്ത് ശതമാനത്തിലധികം തിരുത്തൽ വന്നു. നിലവിൽ അന്താരാഷ്ട്ര സ്വർണവില ട്രോയ് ഔൺസിന് 4,146 ഡോളറും രൂപയുടെ വിനിമയ നിരക്ക് 88.69 ഉം ആണ്.

അതേസമയം, വെള്ളിയുടെ വിലയിലും വർധനയുണ്ടായി. ഒരു ഗ്രാം 916 ഹാൾമാർക്ക് വെള്ളിക്ക് ആറു രൂപ ഉയർന്ന് 163 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

# തൊഴിലധിഷ്ഠിത കോഴ്സുകളിൽ അപേക്ഷ ക്ഷണിച്ചു

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ നേതൃത്വത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2026 ജനുവരി സെഷൻ പ്രവേശനത്തിനായി വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.

ആറുമാസത്തെ സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഒരു വർഷത്തെ ഡിപ്ലോമ കോഴ്സുകൾ, രണ്ടു വർഷത്തെ അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സുകൾ എന്നിവയിലാണ് പ്രവേശനം. യോഗ, കൗൺസലിംഗ് സൈക്കോളജി, ലോജിസ്റ്റിക് ആൻഡ് ഷിപ്പിംഗ് മാനേജ്മെന്റ്, ബ്യൂട്ടികെയർ, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, ആയുർവേദ പഞ്ചകർമ്മ അസിസ്റ്റന്റ്, ഹോസ്പിറ്റൽ മാനേജ്മെന്റ്, ഫസ്റ്റ് എയ്ഡ് ഇൻ മെന്റൽ ഹെൽത്ത്, അപ്ലൈഡ് കൗൺസലിംഗ്, ജറിയാട്രിക് കൗൺസലിംഗ് ആന്റ് പാലിയേറ്റിവ് കെയർ, വെൽനസ് സെന്റർ മാനേജ്മെന്റ്, ഹെൽത്ത് ഇൻഫർമേഷൻ മാനേജ്മെന്റ്, മോണ്ടിസോറി ടിച്ചേഴ്സ് ട്രെയിനിങ്, മാനേജ്മെന്റ് ഓഫ് സ്പെസിഫിക് ലേണിംഗ് ഡിസോർഡേഴ്സ്, കമ്പ്യൂട്ടർ കോഴ്സസ്, ഭരതനാട്യം, മാർഷ്യൽ ആർട്സ്, ട്രെയിനേഴ്സ് ട്രെയിനിംഗ്, ലൈഫ് സ്കിൽസ് എഡ്യുക്കേഷൻ തുടങ്ങിയ മേഖലകളിലാണ് കോഴ്സുകൾ. 18 വയസ്സിനുമേൽ പ്രായമുള്ള നിശ്ചിത യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധിയില്ല. https://app.srccc.in/register എന്ന ലിങ്കിലൂടെ ഡിസംബർ 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം–33, ഫോൺ: 0471 2325101, 8281114464.

# പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിംഗ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ സിറ്റിംഗ് നവംബർ 15 രാവിലെ 11 ന് എറണാകുളം മറൈൻ ഡ്രൈവിലുള്ള പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ നടക്കും.

വിശ്വകർമ്മ വിഭാഗത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് അജിത്കുമാർ കെ.ജി സമർപ്പിച്ച നിവേദനം, കേരള ദളിത് ക്രിസ്ത്യൻ ജനാധിപത്യ അവകാശ സമിതി സമർപ്പിച്ച നിവേദനം, പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ ഭാഗത്ത് സ്ഥിരതാമസക്കാരായ ശെങ്കുന്തർ, കൈക്കോളൻ, കേരള മുതലി, മുതലിയാർ എന്നീ വിവിധ പേരുകളിൽ അറിയപ്പെടുന്ന 'കൈക്കോളൻ' വിഭാഗത്തിൽപ്പെട്ടവർക്ക് സ്കൂൾ സർട്ടിഫിക്കറ്റിൽ വിവിധ പേരുകൾ ചേർത്തിട്ടുള്ളതിനാൽ 'കൈക്കോളൻ' സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്നുള്ള പരാതി, കോനാർ വിഭാഗത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, സ്വാരസത് നോൺ ബ്രാഹ്മിൺ സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ച് സാരസ്വത് അസോസിയേഷൻ സമർപ്പിച്ച നിവേദനം എന്നിവ പരിഗണിക്കും. സിറ്റിംഗിൽ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി. ശശിധരൻ, മെമ്പർമാരായ ഡോ. ബെന്നറ്റ് സൈലം, സുബൈദാ ഇസ്ഹാക്ക്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

# ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും ഇടിയോടുകൂടിയ മഴയ്ക്ക് സാധ്യത; യെല്ലോ അലർട്ട്

കൊച്ചി: സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യത. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

ഇന്ന് തിരുവനന്തപുരം, ഇടുക്കി, എറണാകുളം ജില്ലകളിലാണ് യെല്ലോ അലർട്ടുള്ളത്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

വരുംമണിക്കൂറിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

അതേസമയം, കേരള – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും; കർണാടക തീരത്ത് മത്സ്യബന്ധനത്തിന് തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് തെക്കൻ കേരള – ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ഇന്ന് കന്യാകുമാരി പ്രദേശത്ത് മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.വ്യാഴം, വെള്ളി ദിവസങ്ങളിൽ തെക്കൻ തമിഴ്നാട് തീരം, ഗൾഫ് ഓഫ് മാന്നാർ, കന്യാകുമാരി പ്രദേശം, അതിനോട് ചേർന്ന തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

# ബേക്കറി ആൻഡ് കൺഫെക്ഷണറി കോഴ്സ്

തിരുവനന്തപുരം ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബേക്കറി ആൻഡ് കൺഫെക്ഷണറി കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. മൂന്ന് മാസത്തെ കോഴ്സ് നവംബർ 17ന് ആരംഭിക്കും. എസ്.എസ്.എൽ.സിയാണ് യോഗ്യത. പ്രായപരിധിയില്ല. കോഴ്സ് ഫീസ് 20,000 രൂപ. കൂടുതൽ വിവരങ്ങൾക്ക്: 8075319643, 7561882783, 6238455239.

# ഗവേഷണ ഫെല്ലോഷിപ്പ്

സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ഡോക്ടറൽ ഫെല്ലോഷിപ്പുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കാണ് ഡോക്ടറൽ ഫെല്ലോഷിപ്പ് (6 എണ്ണം. പ്രതിമാസം 25,000 രൂപ) നൽകുന്നത്. യു.ജി.സി/ യൂണിവേഴ്സിറ്റി നിഷ്കർഷിച്ച യോഗ്യതയുള്ളവർ ഡിസംബർ 1ന് മുൻപ് അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: www.keralabiodiversity.org.

# ബി.എസ്.സി നഴ്സിംഗ്: ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ്

2025–26 അദ്ധ്യയന വർഷത്തെ ബി.എസ്.സി നഴ്സിംഗ് കോഴ്സിന് പുതിയതായി പ്രവേശനത്തിന് ഉൾപ്പെടുത്തിയ കോളേജിലേക്കും നിലവിലുള്ള നഴ്സിംഗ് കോളേജുകളിലേക്കും പ്രവേശനത്തിനുള്ള ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് നവംബർ 13 ന് നടത്തും. www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ നവംബർ 13 ഉച്ചയ്ക്ക് 1 മണി വരെ ഓൺലൈനായി പുതിയ കോളേജ് ഓപ്ഷനുകൾ സമർപ്പിക്കണം. മുൻ അലോട്ട്മെന്റുകൾ വഴി ഏതെങ്കിലും കോളേജുകളിൽ പ്രവേശനം നേടിയവർ ഈ അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിന് അതത് കോളേജുകളിൽ നിന്നും ഓൺലൈനായി ലഭിച്ച പുതിയ നിരാക്ഷേപപത്രം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471þ2560361,362,363,364, www.lbscentre.kerala.gov.in.

# കോളേജ് വിദ്യാർഥികൾക്കായി ക്വിസ് മത്സരം

ഓഡിറ്റ് ദിവസ് ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സ് വകുപ്പിന്റെ കേരളത്തിലെ ഓഫീസുകളുടെ നേതൃത്വത്തിൽ നവംബർ 25 രാവിലെ 9 ന് ടാഗോർ തീയറ്ററിൽ കോളേജ് വിദ്യാർഥികൾക്കുള്ള സംസ്ഥാനതല ക്വിസ് മത്സരത്തിന്റെ രണ്ടാം പതിപ്പ് 'ഝഞകചഢഡ 2025' സംഘടിപ്പിക്കുന്നു. 25 വയസിന് താഴെയുള്ള കോളേജ് വിദ്യാർഥികൾക്ക് (2025 നവംബർ 1 അടിസ്ഥാനമാക്കി) പങ്കെടുക്കാം. മത്സരത്തിൽ പങ്കെടുക്കാൻ ഒരേ കോളേജിൽ നിന്നുള്ള രണ്ടംഗ ടീമുകൾ രൂപീകരിക്കണം. രജിസ്ട്രേഷൻ ഫീസില്ല. സർട്ടിഫിക്കറ്റും ട്രോഫിയും ഉൾപ്പെടെ വിജയികൾക്കായി 50,000 രൂപയുടെ സമ്മാനം ലഭിക്കും. മത്സരത്തിൽ പങ്കെടുക്കുന്നതിന് കോളേജ് ഐഡി കാർഡുകൾ ഹാജരാക്കണം.

# ബിഹാറിലെ ജനങ്ങൾ എൻഡിഎയ്ക്കൊപ്പമാണ്; എക്സിറ്റ് പോൾ ഫലങ്ങൾ അതാണ് സൂചിപ്പിക്കുന്നത്: ഷാനവാസ് ഹുസൈൻ

പാറ്റ്ന: ബിഹാറിൽ എൻഡിഎ ചരിത്ര ഭൂരിപക്ഷത്തോടെ വീണ്ടും അധികാരത്തിലെത്തുമെന്ന് ബിജെപി നേതാവ് ഷാനവാസ് ഹുസൈൻ. എൻഡിഎ സർക്കാരിന്റെ തുടർച്ചയ്ക്ക് വേണ്ടി ജനങ്ങൾ വോട്ട് ചെയ്ത് കഴിഞ്ഞതായും ഷാനവാസ് പറഞ്ഞു.

'ബിഹാറിൽ എൻഡിഎ ഭരണം തുടരും. ജനം എൻഡിഎയ്ക്കൊപ്പമാണ്. എക്സിറ്റ് പോൾ ഫലങ്ങളും അത് തന്നെയാണ് സൂചിപ്പിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും മുഖ്യമന്ത്രി നിതീഷ് കുമാറിനും അനുകൂലമായാണ് അവർ വോട്ട് ചെയ്തിരിക്കുന്നത്. 'ഷാനവാസ് ഹുസൈൻ അവകാശപ്പെട്ടു.

ഇന്ന് പുറത്തുവന്ന എക്സിറ്റ് പോൾ ഫലങ്ങളെല്ലാം എൻഡിഎയുടെ വിജയമാണ് പ്രവചിച്ചത്. ബിഹാറിൽ രണ്ട് ഘട്ടമായി നടന്ന തെരഞ്ഞെടപ്പ് ഇന്നാണ് പൂർത്തിയായത്.

ഇന്ന് നടന്ന രണ്ടാം ഘട്ടത്തിൽ വൈകുന്നേരം അഞ്ച് വരെ 67.14% പേരാണ് വോട്ട് ചെയ്തത്. കഴിഞ്ഞ വ്യാഴാഴ്ച നടന്ന ഒന്നാം ഘട്ടത്തിൽ 65.08 ശതമാനം പേരാണ് വോട്ട് രേഖപ്പെടുത്തിയത്. വെള്ളിയാഴ്ചയാണ് വോട്ടെണ്ണൽ.

# ഓഹരി സൂചികകൾ കരകയറി

മുംബൈ: ആഭ്യന്തര ഓഹരി സൂചികകൾ തുടർച്ചയായ രണ്ടാം ദിനവും നേട്ടത്തിൽ വ്യാപാരം പൂർത്തിയാക്കി. വ്യാപാരതുടക്കത്തിലുണ്ടായ തകർച്ചയ്ക്കുശേഷമാണ് സെൻസെക്സും നിഫ്റ്റിയും നേട്ടത്തിലേക്കു കടന്നത്. ഐടി, ഓട്ടോ, മെറ്റൽ, എഫ്എംസിജി മേഖലകളിലുണ്ടായ ഉയർന്ന വാങ്ങലുകളാണ് വിപണിയെ നേട്ടത്തിലെത്തിച്ചത്.

യുഎസിന്റെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ ഫെഡറൽ അടച്ചുപൂട്ടൽ അവസാനിപ്പിക്കുന്നതിനുള്ള ബിൽ യുഎസ് സെനറ്റ് പാസാക്കിയതോടെ ആഗോളതലത്തിൽ ഉണ്ടായ പോസിറ്റീവ് സൂചനകളും ഈ കുതിപ്പിന് കൂടുതൽ കരുത്ത് പകർന്നു. ആഗോളതലത്തിൽ പോസിറ്റീവ് സൂചനകൾ ലഭിച്ചതിനെത്തുടർന്ന് നിക്ഷേപകരുടെ വാങ്ങൽ താത്പര്യം മെച്ചപ്പെട്ടതും ഇന്ത്യയുഎസ് വ്യാപാര കരാർ സാധ്യതയെക്കുറിച്ചുള്ള ശുഭാപ്തിവിശ്വാസം പുതുക്കിയതും ചൊവ്വാഴ്ച ആഭ്യന്തര വിപണികളെ കുത്തനെ ഉയർത്തി.

ഡൽഹി ഭീകരാക്രമണത്തെക്കുറിച്ച് നിക്ഷേപകർ ആശങ്കാകുലരായതിനാൽ ആദ്യ പകുതിയിൽ വ്യാപാരം നെഗറ്റീവ് ആയിരുന്നു. തുടർന്ന് ദിവസത്തെ താഴ്ന്ന നിലയിൽ നിന്ന് 750 പോയിൻറോളം തിരിച്ചു കയറാൻ സെൻസെക്സിനായി. നിഫ്റ്റിക്ക് 250 പോയിൻറോളം തിരിച്ചുകയറാനായി.

ഉച്ചവരെ ചാഞ്ചാട്ടത്തിലായിരുന്ന സെൻസെക്സ് ഉച്ചയ്ക്കുശേഷമുള്ള വ്യാപാരത്തിലാണ് മുന്നേറ്റം നടത്തിയത്. നിഫ്റ്റിയിലും ഉച്ചവരെ നഷ്ടക്കണക്കായിരുന്നു. എന്നാൽ, ഉച്ചയ്ക്കുശേഷം മുന്നേറുകയായിരുന്നു.

സെൻസെക്സ് 336 പോയിൻറ് (0. 40%) നേട്ടത്തോടെ 83,871ലും നിഫ്റ്റി 120 പോയിൻറ് (0. 47%) മുന്നേറി 25,695ലും വ്യാപാരം പൂർത്തിയാക്കി.

ഡൽഹി സ്ഫോടനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ആശങ്കകൾക്കിടയിലും ആഭ്യന്തര വിപണി മന്ദഗതിയിലാണ് തുറന്നത്. എന്നാൽ, ആ മന്ദഗതിയിൽ നിന്ന് വിപണിക്ക് സമർഥമായി തിരിച്ചുവരാനുമായി. ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും ദൈർഘ്യമേറിയ ഫെഡറൽ ഷട്ട്ഡൗൺ അവസാനിപ്പിക്കുന്നതിനുള്ള ബിൽ യുഎസ് സെനറ്റ് പാസാക്കിയതിനു പിന്നാലെയുണ്ടായ ആഗോള സൂചനകളുടെ പിന്തുണയോടെയാണ് വിപണി മുന്നേറിയതെന്ന് ജിയോജിത് ഇൻവെസ്റ്റ്മെൻറ്സ് ലിമിറ്റഡ് ഹെഡ് ഓഫ് റിസർച്ച് വിനോദ് നായർ പറഞ്ഞു.

മേഖല സൂചികകൾ

വാങ്ങൽ പ്രവണത ഉയർന്നതോടെ മേഖല സൂചികകളിൽ ഭൂരിഭാഗവും പോസിറ്റീവായി. നിഫ്റ്റി ഐടി 428 പോയിൻറ് (1.20%) മുന്നേറിയപ്പോൾ നിഫ്റ്റി ഓട്ടോ 288 (1.07%), നിഫ്റ്റി മെറ്റൽ 75 പോയിൻറ് (0. 71%), നിഫ്റ്റി എഫ്എംസിജി 188 പോയിൻറ് (0. 34%), നിഫ്റ്റി ബാങ്ക് 200 പോയിൻറ് (0. 35%) എന്നിവങ്ങനെയും നേട്ടമുണ്ടാക്കി.

വിശാല സൂചികകളിൽ നിഫ്റ്റി മിഡ്കാപ് 302 പോയിൻറ് (0. 50%) ഉയർന്നപ്പോൾ സ്മോൾകാപ് 37 പോയിൻറ് (0. 21%) താഴ്ന്നു.

# ഡിഗ്രി (എച്ച്.ഐ): പരീക്ഷാ ഫീസ് അടയ്ക്കണം

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിൽ (നിഷ്) 2008, 2013, 2019 വർഷങ്ങളിലെ ബിഎഫ്എ (എച്ച്ഐ), ബി.കോം (എച്ച്ഐ), ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (എച്ച്ഐ) ബിരുദ പ്രോഗ്രാമുകളിൽ ചേർന്നിട്ടുള്ള വിദ്യാർഥികൾ 2025–26 അധ്യയന വർഷത്തിലെ ഓഡ് സെമസ്റ്ററിലേക്കുള്ള പരീക്ഷാ ഫീസ് അടയ്ക്കണം. ഇത് 3, 5, 7, 9 സെമസ്റ്ററുകളിലെ വിദ്യാർഥികൾക്ക് ബാധകമാണ്. നവംബർ 17 വരെ പിഴയില്ലാതെയും നവംബർ 18 മുതൽ 100 രൂപ പിഴയോടെയും ഫീസ് അടയ്ക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.nish.ac.in.

# റെയിൽവെ ക്രിസ്മസ് അവധിക്കാല സ്പെഷ്യൽ ട്രെയിൻ

തിരുവനന്തപുരം: റെയിൽവെയുടെ ക്രിസ്മസ് അവധിക്കാല സ്പെഷ്യൽ ട്രെയിൻ ഡിസംബർ 20ന് കേരളത്തിൽ നിന്ന് പുറപ്പെടും. ഇന്ത്യൻ റെയിൽവെയുടെ ഭാരത് ഗൗരവ് ട്രെയിനിന് കീഴിലുള്ള സൗത്ത് സ്റ്റാർ റെയിൽ ടൂർ ടൈംസുമായി സഹകരിച്ചാണ് രാജ്യത്തെ പ്രധാന കേന്ദ്രങ്ങൾ സന്ദർശിക്കുന്ന യാത്ര സംഘടിപ്പിക്കുന്നത്. ഡിസംബർ 20ന് തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന ട്രെയിനിന് കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, ഒറ്റപ്പാലം പാലക്കാട് എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ട്.

കൂട്ടായ ബുക്കിംഗിനു പ്രത്യേക ഡിസ്കൗണ്ട് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഠഠഠ.ടൗൃശോലഥ.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 7305 85 85 85 എന്ന നമ്പറിൽ വിളിക്കുകയോ ചെയ്യുക.

# വെറും പ്രവചനം മാത്രം; ഒരിക്കലും നടക്കാൻ പോകുന്നില്ല: എക്സിറ്റ് പോളുകളെ തള്ളി താരിഖ് അൻവർ

പാറ്റ്ന: ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ എൻഡിഎയുടെ വിജയം പ്രവചിച്ച എക്സിറ്റ് പോളുകളെ തള്ളി കോൺഗ്രസ് നേതാവ് താരിഖ് അൻവർ എംപി. എക്സിറ്റ് പോളുകൾ ശരിയായിരിക്കില്ലെന്നും മഹാസഖ്യത്തിന് തന്നെയാണ് മുൻതൂക്കമെന്നും അദ്ദേഹം പറഞ്ഞു.

'എക്സിറ്റ് പോളുകളെ വിശ്വസിക്കേണ്ടതില്ല. അതൊക്കെ വെറും പ്രവചനം മാത്രം. ഒരിക്കലും നടക്കാൻ പോകുന്നില്ല. മഹാസഖ്യം വൻ വിജയം നേടി അധികാരത്തിലെത്തും. 'താരിഖ് അൻവർ പറഞ്ഞു.

ഇന്ന് പുറത്തുവന്ന എക്സിറ്റ് പോൾ ഫലങ്ങളെല്ലാം എൻഡിഎയുടെ വിജയമാണ് പ്രവചിച്ചത്. ബിഹാറിൽ രണ്ട് ഘട്ടമായി നടന്ന തെരഞ്ഞെടപ്പ് ഇന്നാണ് പൂർത്തിയായത്.

ഇന്ന് നടന്ന രണ്ടാം ഘട്ടത്തിൽ വൈകുന്നേരം അഞ്ച് വരെ 67.14% പേരാണ് വോട്ട് ചെയ്തത്. കഴിഞ്ഞ വ്യാഴാഴ്ച നടന്ന ഒന്നാം ഘട്ടത്തിൽ 65.08 ശതമാനം പേരാണ് വോട്ട് രേഖപ്പെടുത്തിയത്. വെള്ളിയാഴ്ചയാണ് വോട്ടെണ്ണൽ.

# ജനറൽ ആശുപത്രിയിലെ സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ വിവരം

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ നടക്കുന്ന ദിവസങ്ങളും സമയക്രമവും ചുവടെ ചേർക്കുന്നു.

കാർഡിയോളജി തിങ്കൾ, വ്യാഴം, വെള്ളി 8am - 1pm
നെഫ്രോളജി തിങ്കൾ, ബുധൻ – 8am - 1pm
ന്യൂറോളജി ചൊവ്വ, വെള്ളി 8am - 1pm
മെഡിക്കൽ ബോർഡ് വെള്ളിയാഴ്ചകളിൽ 8am - 1pm
തൈറോയിഡ് ക്ലിനിക് തിങ്കൾ – 11am - 1pm
ബ്രസ്റ്റ് ക്ലിനിക് ചൊവ്വ 11am - 1pm
ഡയബെറ്റിക് ക്ലിനിക് ബുധൻ – 11am - 1pm
വയോജന ക്ലിനിക് വ്യാഴം 11am - 1pm
പാലിയേറ്റീവ് ക്ലിനിക് വെള്ളി 11am - 1pm
ജീവിത ശൈലീരോഗ നിർണയ ക്ലിനിക് ശനി– 11am - 1pm
വാതരോഗ നിർണയ ക്ലിനിക് വ്യാഴം 8am - 1pm

# ഡൽഹി സ്ഫോടനം: യുഎപിഎ വകുപ്പ് ചുമത്തി കേസെടുത്തു

ന്യൂഡൽഹി: രാജ്യത്തെ നടുക്കിയ ഡൽഹി ചെങ്കോട്ടയിലുണ്ടായ സ്ഫോടനത്തിൽ യുഎപിഎ വകുപ്പ് ചുമത്തി കേസെടുത്തു. ഡൽഹി പോലീസ് ആണ് കേസെടുത്തത്. എട്ടുപേരുടെ മരണമാണ് ഇതുവരെ കേന്ദ്രം ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടുള്ളത്.

അതേസമയം, 13പേർ മരിച്ചതായാണ് അനൗദ്യോഗിക റിപ്പോർട്ട്. മരണ സംഖ്യ ഉയരാനാണ് സാധ്യത. 30ലേറെ പേർ പരിക്കേറ്റ് ചികിത്സയിലാണ്. കൊല്ലപ്പെട്ടവർ ഡൽഹി, യുപി സ്വദേശികളാണെന്നാണ് വിവരം. ഭീകരാക്രമണമെന്നാണ് സർക്കാർ വൃത്തങ്ങൾ നൽകുന്ന വിവരം. സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സാഹചര്യം വിലയിരുത്തി.

കറുത്ത മാസ്കിട്ടയാൾ റെഡ് ഫോർട്ടിലെ പാർക്കിംഗ് ഗ്രൗണ്ടിൽ നിന്ന് കാറുമായി പുറത്തേക്കിറങ്ങുന്ന ദൃശ്യങ്ങൾ ദേശീയ മാധ്യമങ്ങൾ പുറത്തുവിട്ടു. ദ ഇന്ത്യൻ എക്സ്പ്രസ് ആണ് കാറിന്റെ ദൃശ്യങ്ങൾ പുറത്തുവിട്ടത്. മാസ്ക് ധരിച്ച ഒരാൾ കാർ ഓടിക്കുന്നതും ദൃശ്യങ്ങളിലുണ്ട്. കാർ ചെങ്കോട്ടയ്ക്ക് മുന്നിൽ മൂന്നു മണിക്കൂർ നിർത്തിയിട്ടു.

ഉന്നമിട്ടത് തിരക്കേറിയ ചാന്ദ്നി ചൗക്ക് മാർക്കറ്റാണെന്നാണ് സൂചന. തിരക്കേറിയ സ്ഥലത്ത് സ്ഫോടനം നടത്താൻ പദ്ധതിയിട്ടുവെന്നാണ് വിവരം. ട്രാഫിക്ക് സിഗ്നൽ കാരണം വണ്ടി നിർത്തേണ്ടി വന്നതോടെയാണ് മാർക്കറ്റിന് സമീപത്തേക്ക് കാർ കയറ്റാനുള്ള ശ്രമം പരാജയപ്പെട്ടതെന്നാണ് പോലീസ് നൽകുന്ന വിവരം.

സ്ഫോടനം നടന്ന സ്ഥലത്തെ സിസിടിവി ദൃശ്യങ്ങൾ ശേഖരിച്ച് അന്വേഷണം ഊർജിതമാക്കിയിരിക്കുകയാണ് പോലീസ്.

കാറിന്റെ ഇപ്പോഴത്തെ ഉടമസ്ഥൻ പുൽവാമ സ്വദേശി താരിഖ് എന്നാണ് വിവരം. തിങ്കളാഴ്ച വൈകുന്നേരം 6.55 ഓടെയായിരുന്നു ദില്ലി ചെങ്കോട്ടയിൽ വൻ സ്ഫോടനമുണ്ടായത്. ലാൽ കില മെട്രോ സ്റ്റേഷന് മുന്നിലെ ട്രാഫിക് സിഗ്നലിന് മുന്നിലേക്ക് വേഗം കുറച്ചെത്തിയ ഹുണ്ടായ് ഐ 20 കാർ, പൊടുന്നനെ പൊട്ടിത്തെറിക്കുകയായിരുന്നു.

സമീപത്ത് ഉണ്ടായിരുന്ന കാറുകൾ, ഓട്ടോറിക്ഷകൾ, സൈക്കിൾ റിക്ഷകളെല്ലാം പൊട്ടിത്തെറിയിൽ തകർന്നു. ഒരു തീ ഗോളം ആകാശത്തേക്ക് ഉയർന്നെന്നും ഒരു കിലോമാറ്റർ അകലെ വരെ സ്ഫോടനത്തിന്റെ പ്രകമ്പനം ഉണ്ടായെന്നും ദൃക്സാക്ഷികൾ പറഞ്ഞു.

# 2025–ലെ ബുക്കർ പുരസ്കാരം ഡേവിഡ് സൊല്ലോയ്ക്ക്

ലണ്ടൻ: 2025–ലെ ബുക്കർ പുരസ്കാരം ഹംഗേറിയൻ എഴുത്തുകാരനായ ഡേവിഡ് സൊല്ലോയ്ക്ക്. ഇന്ത്യൻസമയം ചൊവ്വാഴ്ച പുലർച്ചെ മൂന്നിന് ലണ്ടനിൽ നടന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു.

ഡേവിഡ് സൊല്ലോയുടെ 'ഫ്ളെഷ്' എന്ന നോവലാണ് പുരസ്കാരത്തിന് അർഹമായത്. ഇന്ത്യൻ സാഹിത്യകാരി കിരൺ ദേശായിയുടേതുൾപ്പെടെ ആറു നോവലുകളാണ് ചുരുക്കപ്പട്ടികയിൽ ഇടംനേടിയത്. 50000 പൗണ്ടാണ്(ഏകദേശം 58 ലക്ഷം രൂപ) പുരസ്കാരത്തുക.

കാനഡയിൽ ജനിച്ച അദ്ദേഹം ലെബനൻ, യുകെ, ഹംഗറി എന്നിവിടങ്ങളിൽ ജീവിച്ച ശേഷം ഇപ്പോൾ വിയന്നയിലാണ് ഡേവിഡ് സൊല്ലോ താമസിക്കുന്നത്. 20–ൽ അധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ആറ് ഫിക്ഷൻ കൃതികളുടെയും നിരവധി ബിബിസി റേഡിയോ നാടകങ്ങളുടെയും രചയിതാവാണ് അദ്ദേഹം.

സൊല്ലോയുടെ ആദ്യ നോവലായ 'ലണ്ടൻ ആൻഡ് ദി സൗത്ത്–ഈസ്റ്റ്' 2008–ൽ ബെറ്റി ട്രാസ്ക്, ജെഫ്രി ഫേബർ മെമ്മോറിയൽ പുരസ്കാരങ്ങൾ നേടി. 'ഓൾ ദാറ്റ് മാൻ ഈസ്' എന്ന കൃതിക്ക് ഗോർഡൻ ബേൺ പ്രൈസും പ്ലിംപ്ടൺ പ്രൈസ് ഫോർ ഫിക്ഷനും ലഭിച്ചു. 2016–ൽ ബുക്കർ പ്രൈസിന്റെ ചുരുക്കപ്പട്ടികയിലും ഡേവിഡ് സൊല്ലോ ഇടംനേടി. 2019–ൽ 'ടർബുലൻസ്' എന്ന ചെറുകഥാ സമാഹാരത്തിന് എഡ്ജ് ഹിൽ പ്രൈസ് ലഭിച്ചു. 'ഫ്ലെഷ്' അദ്ദേഹത്തിന്റെ ആറാമത്തെ ഫിക്ഷൻ കൃതിയാണ്.

# ഡൽഹി സ്ഫോടനക്കേസ്: പാക്കിസ്ഥാനിലും ജാഗ്രത, നോട്ടീസ് ടു എയർമെൻ പുറത്തിറക്കി

ന്യൂഡൽഹി: ഡൽഹിയിലെ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ പാക്കിസ്ഥാൻ സുരക്ഷാ ജാഗ്രത ഉയർത്തിയതായി റിപ്പോർട്ട്. ഇന്ത്യയുടെ ഭാഗത്തുനിന്ന് പ്രത്യാക്രമണത്തിനു സാധ്യതയുണ്ടെന്ന ഇൻറലിജൻസ് മുന്നറിയിപ്പുകളെ തുടർന്ന് രാജ്യത്തെ എല്ലാ വ്യോമതാവളങ്ങളിലും എയർഫീൽഡുകളിലും റെഡ് അലർട്ട് പ്രഖ്യാപിച്ചതായാണ് റിപ്പോർട്ട്. ഇന്നും ബുധനാഴ്ചയും നോട്ടീസ് ടു എയർമെൻ പുറത്തിറക്കിയിട്ടുണ്ട്.

കരസേന, നാവികസേന, വ്യോമസേന എന്നിവയോട് ഏത് സാഹചര്യങ്ങളെയും നേരിടാൻ തയാറെടുക്കാനും പാക് സെൻട്രൽ കമാൻഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. പാക്കിസ്ഥാന്റെ വ്യോമപ്രതിരോധ സംവിധാനം ഇന്ത്യ–പാക് അതിർത്തിയിലെ വ്യോമാതിർത്തി സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്.

# പാക്കിസ്ഥാനിൽ സ്ഫോടനം; 12 പേർ മരിച്ചു; 21 പേർക്ക് പരിക്കേറ്റു

ഇസ്ലാമാബാദ്: പാക്കിസ്ഥാന്റെ തലസ്ഥാമായ ഇസ്ലാമാബാദിൽ സ്ഫോടനം. ചാവേർ പൊട്ടിത്തെറിക്കുകയായിരുന്നു. 12 പേർ മരിച്ചു. 21 പേർക്ക് പരിക്കേറ്റു. ഇസ്ലാമാബാദിലെ ജില്ലാ കോടതി വളപ്പിലാണ് സ്ഫോടനം നടന്നത്. ഡൽഹിയിലെ സ്ഫോടനത്തിന് സമാനമായ നിലയിലാണ് ഇപ്പോൾ ഇസ്ലാമാബാദിലും സ്ഫോടനമുണ്ടായിരിക്കുന്നത്. ജില്ലാ കോടതി വളപ്പിൽ പാർക്ക് ചെയ്തിരുന്ന കാറാണ് പൊട്ടിത്തെറിച്ചത്. കാറിലെത്തിയ ചാവേർ എന്ന് റിപ്പോർട്ടാണ് പുറത്തുവന്നിട്ടുള്ളത്. ഉച്ചയോടെയാണ് സംഭവം നടന്നത്. കാറിന്റെ സിലിണ്ടർ പൊട്ടിത്തെറിച്ചുള്ള അപകടമെന്നാണ് ആദ്യ വാർത്തകൾ പുറത്തുവന്നത്. എന്നാൽ പിന്നീട് പോലീസ് തന്നെ, ഇതൊരു ചാവേർ ആക്രമണമാണെന്ന് സ്ഥിരീകരിച്ചു. ആക്രമണത്തിന് പിന്നിൽ ആരാണെന്ന കാര്യം സ്ഥിരീകരിച്ചിട്ടില്ല. കോടതിയിലെത്തിയ സാധാരണക്കാരായ ജനങ്ങളാണ് കൊല്ലപ്പെട്ടതെന്ന വിവരമാണ് പുറത്തുവരുന്നത്.

# രാജഗിരി സ്ട്രോക്ക് സെൻററിന് എൻഎബിഎച്ച് അംഗീകാരം

കൊച്ചി: നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആൻഡ് ഹെൽത്ത്കെയർ പ്രൊവൈഡേഴ്സിന്റെ (എൻഎബിഎച്ച്) അംഗീകാരം നേടുന്ന കേരളത്തിലെ ആദ്യത്തെ ന്യൂറോ ചികിത്സാകേന്ദ്രമെന്ന ബഹുമതി സ്വന്തമാക്കി രാജഗിരി ആശുപത്രി. സമയബന്ധിതവും ഏകോപിതവുമായ സ്ട്രോക്ക് പരിചരണം നൽകുന്നത് പരിഗണിച്ചാണ് വേൾഡ് സ്ട്രോക്ക് ഓർഗനൈസേഷന്റെ സഹകരണത്തോടെ നൽകുന്ന ഈ അംഗീകാരം.

സ്ട്രോക്കിനെത്തുടർന്നുള്ള വൈകല്യങ്ങളും മരണനിരക്കും കുറയ്ക്കുന്നതിനായി നടപ്പാക്കുന്ന പ്രോട്ടോക്കോളുകൾക്ക് ലഭിച്ച അംഗീകാരമാണിതെന്ന് രാജഗിരി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺസൺ വാഴപ്പിള്ളി പറഞ്ഞു.

രോഗി ആശുപത്രിയിൽ എത്തുന്നതുമുതൽ ചികിത്സ നൽകുന്നതുവരെയുള്ള സമയം കുറയ്ക്കുന്നതിനാണ് ഈ പ്രോട്ടോകോളുകൾ പ്രയോജനപ്പെടുത്തുന്നത്. 24 മണിക്കൂറും പ്രവർത്തസജ്ജമായ സ്ട്രോക്ക് യൂണിറ്റിൽ വിദഗ്ധരായ ന്യൂറോളജിസ്റ്റുകളും സ്ട്രോക്ക് പരിചരണത്തിൽ പ്രത്യേക പരിശീലനം നേടിയ സ്റ്റാഫുമുണ്ട്.

മെക്കാനിക്കൽ ത്രോംബെക്ടമി, ഐവി ത്രോംബോളിസിസ് പോലുള്ള ജീവൻ രക്ഷാ ചികിത്സകൾ ഏതുസമയത്തും നൽകാനുള്ള സൗകര്യങ്ങൾ സ്ട്രോക്ക് യൂണിറ്റിൽ ലഭ്യമാണ്. കേരളത്തിലെ ആദ്യത്തെ ഇൻറർവെൻഷണൽ ന്യൂറോളജിസ്റ്റായ ഡോ. ജിജി കുരുട്ടുകുളമാണ് സ്ട്രോക്ക് യൂണിറ്റിന്റെ മേധാവി. സ്ട്രോക്ക് ചികിത്സയുടെ ഗുണനിലവാരം ഉയർത്തുന്നതിൽ പുതിയ മാനദണ്ഡം സ്ഥാപിക്കാൻ രാജഗിരി ആശുപത്രിക്കു കഴിഞ്ഞെന്ന് ഡോ. ജിജി കുരുട്ടുകുളം അഭിപ്രായപ്പെട്ടു.

ലോകത്ത് എവിടെയിരുന്നും സ്ട്രോക്ക് സംബന്ധമായ സംശയങ്ങൾക്കു വിദഗ്ധരായ ഡോക്ടർമാരുടെ സൗജന്യസേവനം ലഭ്യമാക്കുന്ന ടെലി സ്ട്രോക്ക് സംവിധാനവും രാജഗിരിയിലുണ്ട്. ടെലി സ്ട്രോക്ക് സേവനങ്ങൾക്കായി (24 മണിക്കൂർ) 7593066888 എന്ന നമ്പറിൽ ബന്ധപ്പെടണം.

# ചെങ്കോട്ട സ്ഫോടനം: ഡൽഹിയിൽ നിർണായക നീക്കങ്ങൾ, അമിത് ഷായുടെ അധ്യക്ഷതയിൽ യോഗം

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടനം സംബന്ധിച്ച് വിലയിരുത്താൻ രാവിലെ 9: 30 ന് ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേരും. നടന്നത് ഭീകരാക്രമണമാണെന്ന സൂചയുള്ള സാഹചര്യത്തിലാണ് നിർണായക യോഗം ചേരുന്നത്. ഐബി ഡയറക്ടർ, ആഭ്യന്തര സെക്രട്ടറി, ഡൽഹി പോലീസ് കമ്മീഷണർ, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. അതേസമയം, സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ചെങ്കോട്ട പരിസരത്ത് നിയന്ത്രണങ്ങൾ കർശനമാക്കി. തിങ്കളാഴ്ച രാത്രി പഹാർഗഞ്ച്, ദര്യഗഞ്ച്, പരിസര പ്രദേശങ്ങളിലെ ഹോട്ടലുകളിൽ രാത്രി മുഴുവൻ പോലീസ് പരിശോധന നടത്തിയിരുന്നു. സ്ഫോടനവുമായി ബന്ധപ്പെട്ട് പൊലീസ് 13 പേരെ ഇതുവരെ ചോദ്യം ചെയ്തു.

# പോളിംഗ് 70% കടക്കും; എൻഡിഎ തന്നെ വീണ്ടും സർക്കാർ രൂപീകരിക്കും: സഞ്ജയ് ജയ്സ്വാൾ

പാറ്റ്ന: ബിഹാറിൽ ഇത്തവണ പോളിംഗ് 70% കടക്കുമെന്ന് ബിജെപി എംപി സഞ്ജയ് ജയ്സ്വാൾ. സംസ്ഥാനത്ത് എൻഡിഎ തന്നെ വീണ്ടും സർക്കാർ രൂപീകരിക്കുമെന്ന കാര്യം ഉറപ്പായെന്നും അദ്ദേഹം അവകാശപ്പെട്ടു. രണ്ടാം ഘട്ട തെരഞ്ഞെടുപ്പ് പുരോഗമിക്കുന്നതിനിടെയാണ് എംപിയുടെ പ്രതികരണം.

'മികച്ച പോളിംഗാണ് സംസ്ഥാനത്ത് നടക്കുന്നത്. ഭരണം തുടരാനാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ഉയർന്ന പോളിംഗ് ശതമാനം എൻഡിഎയ്ക്ക് അനുകൂലമാണ്. 200 ലധികം സീറ്റുകൾ നേടി എൻഡിഎ തന്നെ ഭരണം നിലനിർത്തും.'– സഞ്ജയ് ജയ്സ്വാൾ പറഞ്ഞു.

ബിഹാറിൽ രണ്ടാം ഘട്ട തെരഞ്ഞെടുപ്പ് പുരോഗമിക്കുകയാണ്. ഉച്ചയ്ക്ക് ഒന്ന് വരെ 47.62 % പേർ വോട്ട് രേഖപ്പെടുത്തി. കഴിഞ്ഞ വ്യാഴാഴ്ചയായിരുന്നു ഒന്നാം ഘട്ട തെരഞ്ഞെടുപ്പ്. 65.08 % പേരാണ് അന്ന് വോട്ട് ചെയ്തത്. വെള്ളിയാഴ്ചയാണ് വോട്ടെണ്ണൽ.

# ബിഹാറിൽ രണ്ടാംഘട്ട തെരഞ്ഞെടുപ്പ് ആരംഭിച്ചു; കനത്ത സുരക്ഷയിൽ പോളിംഗ് ബൂത്തുകൾ

ന്യൂഡൽഹി: ബിഹാറിൽ രണ്ടാംഘട്ട പോളിംഗ് ആരംഭിച്ചു. രാവിലെ ഏഴ് മുതൽ ആരംഭിച്ച വോട്ടെടുപ്പ് വൈകുന്നേരം അഞ്ചു വരെ തുടരും.

ഡൽഹിയിലെ ചെങ്കോട്ടയ്ക്ക് സമീപം നടന്ന സ്ഫോടനത്തെ തുടർന്ന് കനത്ത സുരക്ഷയാണ് പോളിംഗ് ബൂത്തുകളിൽ ഒരുക്കിയിരിക്കുന്നത്.

20 ജില്ലകളിലായി 122 മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ് നടക്കുന്നത്. 45,339 പോളിംഗ് സ്റ്റേഷനുകളാണ് ക്രമീകരിച്ചിരിക്കുത്. 1302 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. 3.7 കോടി വോട്ടർമാർ വിധിയെഴുതും.

ബിഹാറിൽ ആദ്യഘട്ട തെരഞ്ഞെടുപ്പിൽ 64.66 ശതമാനം പോളിംഗ് രേഖപ്പെടുത്തിയിരുന്നു. നവംബർ 14ന് ആണ് തെരഞ്ഞെടുപ്പ് ഫലം.

# ബിഹാറിൽ വൻ ഭൂരിപക്ഷത്തിൽ എൻഡിഎ വീണ്ടും അധികാരത്തിലെത്തും: രവി ശങ്കർ പ്രസാദ് എംപി

പാറ്റ്ന: ബിഹാറിൽ എൻഡിഎ തന്നെ വീണ്ടും അധികാരത്തിലെത്തുമെന്ന് ബിജെപി വക്താവ് രവി ശങ്കർ പ്രസാദ് എംപി. ഇത്തവണ വൻ ഭൂരിപക്ഷത്തിലായിരിക്കും എൻഡിഎ വിജയിക്കുകയെന്നും രവി ശങ്കർ പ്രസാദ് അവകാശപ്പെട്ടു. രണ്ടാം ഘട്ട് വോട്ടെടുപ്പിന് മുന്നോടിയായി പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

'എൻഡിഎയുടെ വിജയം സുനിശ്ചിതമാണ്. കാരണം സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും തുടരേണ്ടതുണ്ട്. അതിന് എൻഡിഎ സർക്കാർ തന്നെ വരണം. അതുകൊണ്ട് തന്നെ ജനങ്ങൾ ഞങ്ങൾക്ക് അനുകൂലമായി വോട്ട് ചെയ്യും. '– രവി ശങ്കർ പ്രസാദ് പറഞ്ഞു. ബിഹാറിലെ ആദ്യ ഘട്ട തെരഞ്ഞെടുപ്പ് കഴിഞ്ഞ വ്യാഴാഴ്ച നടന്നു. ഇന്നാണ് രണ്ടാ ഘട്ട തെരഞ്ഞെടുപ്പ്. വെള്ളിയാഴ്ചയാണ് വോട്ടെണ്ണൽ.

# ഡൽഹി സ്ഫോടനം: പുൽവാമ സ്വദേശിയുടെ വീട്ടിൽ പരിശോധന ആരംഭിച്ചു

ന്യൂഡൽഹി: ചെങ്കോട്ടയ്ക്ക് സമീപം നടന്ന സ്ഫോടനത്തിന് ഉപയോഗിച്ച കാർ പുൽവാമ സ്വദേശി താരിഖ് വാങ്ങിയത് കഴിഞ്ഞ മാസം 29ന് എന്ന് വ്യക്തമാക്കി പോലീസ്. താരിഖിന്റെ പുൽവാമയിലെ വീട്ടിൽ പോലീസ് പരിശോധന നടത്തുന്നതായാണ് വിവരം.

കാറിന്റെ ആദ്യ ഉടമസ്ഥൻ മുഹമ്മദ് സൽമാൻ പിന്നീട് ദേവേന്ദർ എന്ന വ്യക്തിക്ക് കാർ വിറ്റതായി കണ്ടെത്തിയിരുന്നു. തുടർന്ന് ദേവേന്ദർ മറ്റൊരാൾക്ക് വിറ്റതായും അന്വേഷണസംഘത്തിന് മൊഴി നൽകിയിരുന്നു. നിലവിൽ വാഹനത്തിന്റെ ഉടമസ്ഥൻ പുൽവാമ സ്വദേശി താരിഖ് എന്നാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. അതേസമയം കാർ ഓടിച്ചിരുന്നത് പോലീസ് അന്വേഷിക്കുന്ന ഭീകരവാദി ഉമർ മുഹമ്മദ് എന്നാണ് സൂചന.

# യുഎസ്ടിക്ക് തുടർച്ചയായ നാലാമത്തെ ഇന്ത്യൻ സിഎസ്ആർ അവാർഡ്

തിരുവനന്തപുരം: എഐ, ടെക്നോളജി ട്രാൻസ്ഫർമേഷൻ സൊലൂഷൻസ് കമ്പനിയായ യുഎസ്ടി, തുടർച്ചയായ നാലാം വർഷവും ഇന്ത്യൻ സിഎസ്ആർ അവാർഡുകൾക്ക് അർഹമായി.

ന്യൂഡൽഹിയിൽ നടന്ന 'ഇന്ത്യൻ സിഎസ്ആർ അവാർഡ്സ് 2025' ന്റെ വേദിയിൽ 'മോസ്റ്റ് ഇംപാക്ട്ഫുൾ സേവ് വാട്ടർ ഇനിഷിയേറ്റീവ് ഓഫ് ദി ഇയർ' പുരസ്കാരവും, 'എഡ്യൂക്കേഷൻ, ഹെൽത്ത് ആൻഡ് ലൈവ്ലിഹുഡ് ഇനീഷ്യേറ്റിവ്സ് ഫോർ പീപ്പിൾ വിത്ത് ഡിസെബിലിറ്റീസ്' പുരസ്കാരവും കമ്പനി നേടി. സാമൂഹിക പ്രതിബദ്ധതയോടെ യുഎസ്ടി നടപ്പാക്കിവരുന്ന സാമൂഹിക, സുസ്ഥിര പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ അവാർഡുകൾ.

1999ൽ സ്ഥാപിതമായതു മുതൽ, ജീവിതപരിവർത്തന ലക്ഷ്യങ്ങളുമായി പ്രവർത്തിക്കുന്ന യുഎസ്ടി, ഇന്ത്യയിലെ ഒമ്പത് സംസ്ഥാനങ്ങളിലായി 127 പദ്ധതികൾ നടപ്പിലാക്കുകയും ഒരു ലക്ഷത്തിലധികം ആളുകളെ ക്രിയാത്മകമായി സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്.

ജലസംരക്ഷണ ഉദ്യമങ്ങളിൽ, സർക്കാറിതര സ്ഥാപനങ്ങളുമായും ചുറ്റുമുള്ള സമൂഹങ്ങളുമായും കൈകോർത്ത് വലിയ തോതിലുള്ള പ്രകൃതി വിഭവ സംരക്ഷണ ശ്രമങ്ങൾ നടത്തിവരികയാണ് യുഎസ്ടി.

202425ൽ, എൻവയോൺമെൻറലിസ്റ്റ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് കർണാടകയിലെ ഹെട്ടനഹള്ളി തടാകത്തിന്റെയും തമിഴ്നാട്ടിലെ കരനൈതങ്കൽ തടാകത്തിന്റെയും പുനരുജ്ജീവന പ്രവർത്തനങ്ങളിലൂടെ 60 ഏക്കർ പുനഃസ്ഥാപിച്ച്, ഏകദേശം 170 ബില്യൺ ഗാലൺ ജലം സംരക്ഷിക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. ഡൽഹിയിൽ നടന്ന ചടങ്ങിൽ യുഎസ്ടിക്കു വേണ്ടി സ്മിത ശർമ അവാർഡുകൾ ഏറ്റുവാങ്ങി.

# ഉപതെരഞ്ഞെടുപ്പ്: വിവിധ സംസ്ഥാനങ്ങളിലായി എട്ട് മണ്ഡലങ്ങളിൽ ഇന്ന് വോട്ടെടുപ്പ്

ന്യൂഡൽഹി: രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ നിയമസഭാ മണ്ഡലങ്ങളിലേയ്ക്ക് ഇന്ന് ഉപതെരഞ്ഞെടുപ്പ് നടക്കും. എട്ട് മണ്ഡലങ്ങളിലാണ് ഇന്ന് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. ജമ്മു കാഷ്മീരിലെ ബുഡ്ഗാം, നഗ്രോട്ട എന്നീ മണ്ഡലങ്ങളിലും രാജസ്ഥാനിലെ അന്തയിലും ജാർഖണ്ഡിലെ ഘട്ട്സിലയിലും തെലങ്കാനയിലെ ജൂബിലി ഹിൽസിലും പഞ്ചാബിലെ തരൺ തരൺ മണ്ഡലത്തിലും മിസോറാമിലെ ഡംപയിലും ഒഡീഷയിലെ നുവാപാഡ മണ്ഡലത്തിലേയ്ക്കും ആണ് ഇന്ന് വോട്ടെടുപ്പ് നടക്കുക. രണ്ട് മണ്ഡലങ്ങളിൽ വിജയിച്ച മുഖ്യമന്ത്രി ഒമർ അബ്ദുള്ള രാജിവച്ചതിനെ തുടർന്നാണ്ബുഡ്ഗാമിൽ ഉപതെരഞ്ഞെടുപ്പ് വേണ്ടി വന്നത്. അന്തയിലെ എംഎൽഎ ശ്രീ കൻവർലാലിനെ അയോഗ്യനാക്കിയതിനെ തുടർന്നും ആണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. ബാക്കി എല്ലാ മണ്ഡലങ്ങളിലെയും സിറ്റിംഗ് എംഎൽഎമാർ മരിച്ചതിനെ തുടർന്നാണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. വെള്ളിയാഴ്ചയാണ് എല്ലായിടത്തെയും വോട്ടെണ്ണൽ.

# ഡിഎൽഎഡ് സ്പോട്ട് അഡ്മിഷൻ

2025–27 അധ്യയന വർഷത്തെ സ്വാശ്രയ സ്ഥാപനങ്ങളിലേക്കുള്ള ഡിഎൽഎഡ് പ്രവേശനത്തിന്റെ ഭാഗമായി വിവിധ സ്ഥാപനങ്ങളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടക്കും. പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ ഡിഎൽഎഡ് വിജ്ഞാപന പ്രകാരം പരാമർശിച്ചിട്ടുള്ള രേഖകൾ, അപേക്ഷ, 100 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് എന്നിവ സഹിതം നവംബർ 15 രാവിലെ 10 ന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ എത്തണം. കൂടുതൽ വിവരങ്ങൾക്ക്: ddetvm2022.blogspot.com, 0471-2472302.

# പി.ജി. ഹോമിയോ പ്രവേശനം

പി.ജി. ഹോമിയോപ്പതി കോഴ്സിലേക്കുള്ള മൂന്നാം ഘട്ട താൽക്കാലിക അലോട്ടമെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. ലിസ്റ്റ് സംബന്ധിച്ച പരാതികൾ ceekinfo.cee@kerala.gov.in ഇമെയിൽ മുഖാന്തിരം നവംബർ 12, 2 PM നകം അറിയിക്കണം. അന്തിമ അലോട്ട്മെന്റ് അന്നേദിവസം പ്രസിദ്ധീകരിക്കും. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, ഫോൺ: 0471–2332120, 0471–2338487, 0471–2525300.

# ധർമേന്ദ്ര അന്തരിച്ചുവെന്ന് പ്രചാരണം; വാർത്തകൾ നിഷേധിച്ച് മകൾ ഇഷ ഡിയോൾ

മുംബൈ: ബോളിവുഡ് ഇതിഹാസതാരം ധർമേന്ദ്ര അന്തരിച്ചുവെന്ന വാർത്ത നിഷേധിച്ച് മകളും നടിയുമായ ഇഷ ഡിയോൾ രംഗത്ത്. പ്രചരിക്കുന്നത് തെറ്റായ വാർത്തകളാണെന്നും പിതാവിന്റെ മടങ്ങിവരവിനായി പ്രാർഥിക്കണമെന്നും ഇഷ ഇൻസ്റ്റഗ്രാമിൽ കുറിച്ചു.

അസുഖ ബാധിതനായി ആശുപത്രിയിൽ കഴിയുന്ന പിതാവിന്റെ നില മെച്ചപ്പെടുകയാണെന്നും കുടുംബത്തിന്റെ സ്വകാര്യത മാനിക്കണമെന്നും ഇഷ അഭ്യർഥിച്ചു. പിതാവിന്റെ മടങ്ങിവരവിനു വേണ്ടി പ്രാർഥിക്കുന്ന എല്ലാവരോടും നടി നന്ദി അറിയിക്കുകയും ചെയ്തു.

# ഡൽഹി സ്ഫോടനം ഉള്ളുലയ്ക്കുന്നത്; കുറ്റക്കാരെ വെറുതെ വിടില്ല: പ്രധാനമന്ത്രി

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടനത്തിനു പിന്നിൽ പ്രവർത്തിച്ചവരെ വെറുതെ വിടില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സംഭവം ഉള്ളുലയ്ക്കുന്നതാണ്. ഉറ്റവരെ നഷ്ടമായവരുടെ വേദന മനസിലാക്കുന്നു.

തിങ്കളാഴ്ച രാത്രി മുഴുവൻ സ്ഥിതിഗതികൾ വിലയിരുത്തി. അന്വേഷണ ഏജൻസികൾ ആഴത്തിൽ പരിശോധിക്കും. ഇരകൾക്ക് നീതി ഉറപ്പാക്കുമെന്നും പ്രധാനമന്ത്രി ഉറപ്പ് നൽകി. ഭൂട്ടാൻ സന്ദർശനത്തിനിടെയായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# രഞ്ജി ട്രോഫി: 402 റൺസിൽ ഡിക്ലയർ ചെയ്ത് സൗരാഷ്ട്ര, കേരളത്തിന് ജയിക്കാൻ 330

തിരുവനന്തപുരം: രഞ്ജി ട്രോഫി എലൈറ്റ് പോരാട്ടത്തിൽ സൗരാഷ്ട്രക്കെതിരെ കേരളത്തിന് 330 റൺസ് വിജയലക്ഷ്യം. രണ്ടാമിന്നിംഗ്സിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 402 റൺസെടുത്തു നില്ക്കെ സൗരാഷ്ട്ര ഇന്നിംഗ്സ് ഡിക്ലയർ ചെയ്യുകയായിരുന്നു.

അഞ്ചുവിക്കറ്റ് നഷ്ടത്തിൽ 351 റൺസെന്ന നിലയിൽ നാലാം ദിനം ക്രീസിലിറങ്ങിയ സൗരാഷ്ട്ര എട്ടോവർ മാത്രമാണ് ബാറ്റ് ചെയ്തത്. അർധസെഞ്ചുറി പിന്നിട്ട പ്രേരക് മങ്കാദിനെ (52) എം. ഡി. നിധീഷ് ബൗൾഡാക്കിയതോടെ ആറിന് 366 റൺസെന്ന നിലയിലായി.

പിന്നാലെ ധർമേന്ദ്ര ജഡേജയെ(10) എൻ. പി. ബേസിൽ പുറത്താക്കി. സ്കോർ 378 റൺസിൽ നില്ക്കെ അൻഷ് ഗോസായിയെ കൂടി പുറത്താക്കിയ എം. ഡി. നിധീഷ് മത്സരത്തിൽ 10 വിക്കറ്റ് നേട്ടം തികച്ചു. 11 റൺസെടുത്ത നായകൻ ജയദേവ് ഉനദ്ഘട്ടും 12 റൺസുമായി യുവരാജ് സിംഗ് ഡോഡിയയും പുറത്താകാതെ നിന്നു. കേരളത്തിനായി എം. ഡി. നിധീഷ് നാലു വിക്കറ്റെടുത്തപ്പോൾ എൻ. പി. ബേസിൽ മൂന്ന് വിക്കറ്റ് വീഴ്ത്തി.

മറുപടി ബാറ്റിംഗ് തുടങ്ങിയ കേരളം ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഒരു വിക്കറ്റ് നഷ്ടത്തിൽ 18 റൺസെന്ന നിലയിലാണ്. നാലു റൺസ് വീതമായി സച്ചിൻ ബേബിയും വരുൺ നായനാരുമാണ് ക്രീസിൽ. അഞ്ച് റൺസെടുത്ത രോഹൻ കുന്നുമ്മലിന്റെ വിക്കറ്റാണ് കേരളത്തിന് നഷ്ടമായത്. അതേസമയം അഞ്ച് റൺസെടുത്ത ഓപ്പണർ ആകർഷ് പരിക്കേറ്റ് മടങ്ങി.

### പി.ജി. ആയുർവേദം: അലോട്ടമെന്റ് പ്രസിദ്ധീകരിച്ചു

പി.ജി. ആയുർവേദ കോഴ്സിലേക്കുള്ള മൂന്നാം ഘട്ട താൽക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് സംബന്ധിച്ച പരാതികൾ ceekinfo.cee@kerala.gov.in ഇമെയിൽ മുഖാന്തിരം നവംബർ 12, 2 ജണ നകം അറിയിക്കണം. അന്തിമ അലോട്ട്മെന്റ് അന്നേദിവസം പ്രസിദ്ധീകരിക്കും. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, ഫോൺ: 0471-2332120, 0471-2338487, 0471-2525300.

# അഭിമന്യു കൊലക്കേസ്; പ്രാരംഭ വാദം ഡിസംബർ മൂന്നിന് തുടങ്ങും

കൊച്ചി: മഹാരാജാസ് കോളജിലെ എസ്എഫ്ഐ നേതാവ് അഭിമന്യു കൊല്ലപ്പെട്ട കേസിലെ പ്രാരംഭ വാദം ഡിസംബർ മൂന്നിന് ആരംഭിക്കും. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് വിചാരണ നടപടികൾക്കായി കേസ് പരിഗണിക്കുന്നത്

2018 ജൂലൈ രണ്ടിന് പുലർച്ചെയായിരുന്നു പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ അഭിമന്യുവിനെ കുത്തിക്കൊലപ്പെടുത്തിയത്. 2018 സെപ്റ്റംബർ 26ന് കുറ്റപത്രം സമർപ്പിച്ചിരുന്നു. കേസിൽ കാമ്പസ് ഫ്രണ്ട് പോപ്പുലർ ഫ്രണ്ട് പ്രവർത്തകരായ പതിനാറ് പേരാണ് പ്രതികൾ.

പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ അനുബന്ധ വകുപ്പുകൾ അനുസരിച്ച് കൊലപാതകം, വധശ്രമം ഉൾപ്പടെയുള്ള കുറ്റങ്ങളാണ് പ്രത്യേക അന്വേഷണ സംഘം ചുമത്തിയത്. കേസിന്റെ വിചാരണ വൈകുന്നതിനെതിരേ അഭിമന്യുവിന്റെ അമ്മ ഹൈക്കോടതിയെ സമീപിച്ചിരുന്നു. തുടർന്ന് ഹൈക്കോടതി വിചാരണക്കോടതിയോട് റിപ്പോർട്ടു തേടിയിരുന്നു. വിചാരണ നവംബറിനകം പൂർത്തിയാക്കുമെന്ന് വിചാരണക്കോടതി ഹൈക്കോടതിയെ അറിയിച്ചിരുന്നു.

# ബാലാവകാശ കമ്മിഷൻ പ്രവർത്തനങ്ങൾ പഠിക്കാൻ തമിഴ്നാട് കമ്മിഷൻ

കേരള സംസ്ഥാന ബാലാവകാശ കമ്മിഷന്റെ പ്രവർത്തനങ്ങൾ പഠനവിധേയമാക്കുന്നതിനും മാതൃകകൾ സ്വീകരിക്കുന്നതിനും തമിഴ്നാട് ബാലാവകാശ കമ്മിഷൻ സന്ദർശനം നടത്തി. തമിഴ്നാട് കമ്മിഷൻ ചെയർപേഴ്സന്റെ നേതൃത്വത്തിൽ 6 അംഗ സമിതിയാണ് സന്ദർശനം നടത്തിയത്. കമ്മിഷനിൽ എത്തിയ ചെയർപേഴ്സൺ പുതുക്കോട്ടൈ വിജയ, അംഗങ്ങളായ വി. സെൽവേന്ദ്രൻ, വി. ഉഷാനന്ദിനി, എം. കാസിമിർ രാജ്, മോണ മെറ്റിൽഡ ബാസ്കർ, ഡി. ബാലാജി എന്നിവരെ കമ്മിഷൻ സെക്രട്ടറി എച്ച്. നജീബ് സ്വീകരിച്ചു. കമ്മിഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ, അംഗങ്ങളായ സിസിലി ജോസഫ്, ജലജചന്ദ്രൻ, മോഹൻകുമാർ, ഷാജു, വിൽസൺ, ഷാജേഷ് ഭാസ്കർ എന്നിവർ തമിഴ്നാട് കമ്മിഷനുമായി ആശയവിനിമയം നടത്തി. കമ്മിഷൻ അംഗം കെ.കെ. ഷാജു കേരള കമ്മിഷന്റെ പ്രവർത്തനങ്ങളും കൈവരിച്ച നേട്ടങ്ങളും ഭാവി പദ്ധതികളും അവതരിപ്പിച്ചു. കമ്മിഷൻ രജിസ്ട്രാർ കോമളവല്ലി, ഫിനാൻസ് ഓഫീസർ രജനിമോൾ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗോവിന്ദരാജ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# സ്വകാര്യ വിവരങ്ങൾ ചോർത്തി ലക്ഷങ്ങളുടെ തട്ടിപ്പ്; യുവതി പിടിയിൽ

പത്തനംതിട്ട: വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ ചോർത്തിയ സംഭവത്തിൽ ഒരാൾ കൂടി അറസ്റ്റിൽ. നേരത്തെ കേസിൽ അറസ്റ്റിലായ ജോയൽ വി. ജോസിന്റെ സഹായിയും സുഹൃത്തുമായ യുവതിയാണ് അറസ്റ്റിലായത്. അഹമ്മദാബാദ് സ്വദേശിയായ ഹിരാൽ ബെൻഅനൂജ് പട്ടേൽ (37) ആണ് പ്രത്യേക അന്വേഷണസംഘത്തിന്റെ പിടിയിലായത്. പത്തനംതിട്ട സൈബർ പൊലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് ഹിരാൽ ബെൻഅനൂജ് പട്ടേലിന്റെ അറസ്റ്റ്. വ്യക്തികളുടെ സ്വകാര്യ വിവരങ്ങളും മൊബൈൽ നമ്പരുകളുടെ ലൈവ് ലൊക്കേഷനുകളും കോൾ ഡേറ്റ റിക്കാർഡുകളും ചോർത്തിയെടുത്ത് ലക്ഷങ്ങളുടെ തട്ടിപ്പാണ് പ്രതികൾ നടത്തിയതെന്നാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ.

### മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് (നവംബർ 11) മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കർണാടക തീരത്ത് മത്സ്യബന്ധനത്തിന് തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## ചെങ്കോട്ട സ്ഫോടനം മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്നത്, കുറ്റവാളികളെ ഉടൻ കണ്ടെത്തണം: മുഖ്യമന്ത്രി

തിരുവനന്തപുരം: ഡൽഹിയിലെ ചെങ്കോട്ടയ്ക്ക് സമീപമുണ്ടായ സ്ഫോടനം മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്നതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഈ ഭീകരകൃത്യത്തിന് പിന്നിൽ ആരായാലും അവരെ ഉടനടി കണ്ടെത്താനും തക്കതായ ശിക്ഷ നൽകാനും സാധിക്കണമെന്ന് മുഖ്യമന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

സ്ഫോടനത്തിൽ കൊല്ലപ്പെട്ടവരുടെ ഉറ്റവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു. പരിക്കേറ്റവർക്ക് മികച്ച ചികിത്സയിലൂടെ എത്രയും വേഗം ജീവിതത്തിലേക്ക് തിരികെ വരാൻ സാധിക്കട്ടെ. രാജ്യത്തിന്റെ ക്രമസമാധാനത്തിനും ജനങ്ങളുടെ സുരക്ഷയ്ക്കും വെല്ലുവിളി ഉയർത്തുന്ന ശക്തികൾക്കെതിരെ ജനാധിപത്യ വിശ്വാസികളാകെ ഒറ്റക്കെട്ടായി നിൽക്കണം. ഇനിയും ഇതുപോലൊരു ദുരന്തം ആവർത്തിച്ചു കൂടാ എന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

# പെരുമ്പാവൂരിൽ സ്വകാര്യ ബസും ടോറസും കൂട്ടിയിടിച്ച് അപകടം; 20 പേർക്കു പരിക്ക്

പെരുമ്പാവൂർ: പെരുമ്പാവൂർ - കോലഞ്ചേരി റൂട്ടിൽ അല്ലപ്രയിൽ സ്വകാര്യ ബസും ടിപ്പർ ലോറിയും കൂട്ടിയിടിച്ച് ഇരുപതിലധികം പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ പെരുമ്പാവൂർ സാൻജോ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്ന് രാവിലെ ഏഴിനായിരുന്നു അപകടം. പട്ടിമറ്റത്തു നിന്നു പെരുമ്പാവൂർക്ക് വരുകയായിരുന്ന ബസിൽ പെരുമ്പാവൂരിൽ നിന്നെത്തിയ ടോറസാണ് ഇടിച്ചത്. മറ്റൊരു വാഹനത്തെ മറികടക്കാൻ ശ്രമിക്കുന്നതിനിടെ ടോറസ് ബസിന് നേരെ ഇടിക്കുകയായിരുന്നു.

അപകടത്തിൽപ്പെട്ട യാത്രക്കാരെ നാട്ടുകാരും പെരുമ്പാവൂരിൽ നിന്നെത്തിയ ഫയർഫോഴ്സ് സംഘവും ചേർന്നാണ് ആശുപത്രിയിൽ എത്തിച്ചത്. അപകടത്തിൽ സ്വകാര്യ ബസിനു പിറകെ വന്ന ബൈക്ക് യാത്രകാർക്കും പരിക്കുണ്ട്. ഫയർഫോഴ്സ് ഓഫീസർ അരുൺ പി. നായരുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിക്കേറ്റവരെ ആശുപത്രിയിലാക്കിയത്. അപകടത്തിൽ ഇരു വാഹനങ്ങളുടെയും മുൻവശം പൂർണമായും തകർന്നിട്ടുണ്ട്.

## തൃശൂർ സുവോളജിക്കൽ പാർക്കിൽ മാനുകൾ ചത്ത സംഭവം; അന്വേഷണം പ്രഖ്യാപിച്ച് വനംമന്ത്രി

തൃശൂർ: സുവോളജിക്കൽ പാർക്കിലെ തെരുവുനായ ആക്രമണത്തിൽ മാനുകൾ ചത്ത സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ച് വനം മന്ത്രി എ. കെ. ശശീന്ദ്രൻ. അന്വേഷണത്തിന് വനംമന്ത്രി സമിതി രൂപീകരിച്ചു.

ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണൻ, വനം വിജിലൻസ് വിഭാഗം സിസിഎഫ് ജോർജി പി മാത്തച്ചൻ, ചീഫ് ഫോറസ്റ്റ് വെറ്റിനറി ഓഫീസർ ഡോ. അരുൺ സക്കറിയ എന്നിവരാണ് അംഗങ്ങൾ. നാലുദിവസത്തിനകം പ്രാഥമിക റിപ്പോർട്ടും രണ്ടാഴ്ചയ്ക്കകം അന്തിമ റിപ്പോർട്ടും സമർപ്പിക്കാനും നിർദേശം നൽകി.

സുവോളജിക്കൽ പാർക്കിലെ പുള്ളിമാനുകളെ പാർപ്പിച്ച സ്ഥലത്തേക്ക് പ്രദേശത്തുനിന്നുള്ള തെരുവ് നായകൾ അതിക്രമിച്ച് കയറി ആക്രമിച്ചതിൽ ഏതാനും പുള്ളിമാനുകൾ ചത്തു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിയ്ക്കാനും ആവശ്യമായ മറ്റ് കർശന നടപടികൾ സ്വീകരിയ്ക്കാനും മന്ത്രി നിർദേശം നൽകി. മരിച്ച പുള്ളിമാനുകളുടെ ജഡം പോസ്റ്റ്മാർട്ടം നടത്തിയ ശേഷം തുടർനടപടികൾ സ്വീകരിയ്ക്കുമെന്നും മന്ത്രി അറിയിച്ചു.

## മാതൃക പെരുമാറ്റച്ചട്ടം: സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവിറങ്ങി

സംസ്ഥാനത്ത് മാതൃക പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ സർക്കാർ ഫയലുകളിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതി ആവശ്യമായവ പരിശോധിച്ചു വേഗത്തിലാക്കുന്നതിനായി സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചു സർക്കാർ ഉത്തരവായി. ചീഫ് സെക്രട്ടറി അധ്യക്ഷനും പൊതുഭരണ വകുപ്പ് സെക്രട്ടറി കൺവീനറുമായ കമ്മിറ്റിയിൽ ബന്ധപ്പെട്ട വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി അംഗമായിരിക്കും. കമ്മിറ്റി എല്ലാ ബുധനാഴ്ചയും വൈകിട്ട് മൂന്ന് മണിക്കോ ആവശ്യാനുസരണം മറ്റേതെങ്കിലും ദിവസമോ യോഗം ചേരും. പരിഗണിച്ച കേസുകൾ വിശദമായ വിവരങ്ങളോടെയും അടിയന്തര ആവശ്യം സംബന്ധിച്ച കുറിപ്പോടെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കും. സ്ക്രീനിങ് കമ്മിറ്റിയുടെ ശുപാർശ ഇല്ലാത്ത പ്രൊപ്പോസലുകൾ ഒരു വകുപ്പും നേരിട്ട് തിരഞ്ഞെടുപ്പ് കമ്മീഷന് അയക്കാൻ പാടില്ലെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

# പരീക്ഷാകേന്ദ്രത്തിൽ മാറ്റം

നവംബർ 24 മുതൽ 28 വരെ തൃശൂർ ഗവ. മോഡൽ ഗേൾസ് എച്ച്.എസ്.എസിൽ (22055) നടത്താനിരുന്ന ഡി.എൽ.എഡ് (അറബിക്, ഉറുദു, ഹിന്ദി, സംസ്കൃതം) രണ്ട്, നാല് സെമസ്റ്റർ പരീക്ഷകൾ തൃശൂർ ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസിലേക്ക് (22056) മാറ്റി. ടൈംടേബിളിൽ മാറ്റമില്ല.

# ടെക്നോപാർക്ക് ഗ്രൗണ്ടിൽ നവംബർ 14 ന് ഐഎം വിജയൻ നയിക്കുന്ന ഫുട്ബോൾ പ്രദർശന മത്സരം

## റാവിസ് പ്രതിധ്വനി സെവൻസ് ഫുട്ബോൾ ടൂർണമെൻറിൻറെ ഭാഗമായാണ് മത്സരം

തിരുവനന്തപുരം: ഇന്ത്യൻ ഫുട്ബോൾ ടീം മുൻ ക്യാപ്റ്റൻ ഐഎം വിജയൻ നയിക്കുന്ന ഫുട്ബോൾ പ്രദർശന മത്സരം നവംബർ 14 ന് ടെക്നോപാർക്കിൽ നടക്കും. പ്രതിധ്വനി ഓൾ സ്റ്റാർസ് ടീമിനെതിരെയാണ് വിജയൻറെ ടീം പോരാട്ടത്തിനിറങ്ങുന്നത്.ടെക്നോപാർക്കിലെ ഐടി ജീവനക്കാരുടെ ക്ഷേമസംഘടനയായ പ്രതിധ്വനി സംഘടിപ്പിക്കുന്ന ഐടി മേഖലയിലെ ഏറ്റവും വലിയ ഫുട്ബോൾ ടൂർണമെൻറായ 'റാവിസ് പ്രതിധ്വനി സെവൻസ്-സീസൺ 8' ൻറെ ഭാഗമായാണ് മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. യൂഡെ പ്രൊമോഷൻസും റാവിസ് ഹോട്ടൽസുമായി സഹകരിച്ചാണ് പ്രതിധ്വനി ടെക്കികൾക്കായി ടൂർണമെൻറ് നടത്തുന്നത്. പ്രദർശന മത്സരം വൈകുന്നേരം നാല് മണിക്ക് ടെക്നോപാർക്ക് ഗ്രൗണ്ടിൽ നടക്കും.

90 ലധികം കമ്പനികളിൽ നിന്നുള്ള 101 ടീമുകളും 2,500 ലധികം ഐടി ജീവനക്കാരും പങ്കെടുക്കുന്ന ടൂർണമെൻറിൽ 164 മത്സരങ്ങളാണുള്ളത്. നവംബർ 18 ന് ടൂർണമെൻറിൻറെ സെമി ഫൈനലും നവംബർ 19 ന് ഫൈനലും നടക്കും.

ഫൈനലിൽ വിജയിക്കുന്ന ടീമിന് 25,000 രൂപ ക്യാഷ് പ്രൈസും എവർ-റോളിംഗ് ട്രോഫിയും കൊല്ലത്തെ റാവിസ് അഷ്ടമുടി റിസോർട്ടിൽ ഒരു ദിവസം താമസിക്കാനുള്ള അവസരവും ലഭിക്കും. റാവിസ് ഹോട്ടൽസും യൂഡെ പ്രമോഷനുമാണ് വിജയികൾക്കുള്ള സമ്മാനങ്ങൾ സ്പോൺസർ ചെയ്തിരിക്കുന്നത്. മികച്ച കളിക്കാരൻ, മികച്ച ഗോൾ കീപ്പർ, ടൂർണമെൻറിലെ ഏറ്റവും ഉയർന്ന ഗോൾ സ്കോറർ എന്നിവർക്ക് പ്രത്യേക സമ്മാനം ലഭിക്കും.ഓരോ മത്സരത്തിലും യൂഡെയും സഞ്ചി ബാഗ്സും ചേർന്ന് 'പ്ലെയർ ഓഫ് ദി മാച്ച്' ട്രോഫി സമ്മാനിക്കും. കാണികൾക്കും സമ്മാനങ്ങൾ നേടാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്.

വനിതാ ഫുട്ബോൾ ടൂർണമെൻറിൻറെ അഞ്ചാം സീസണും ഇതിനോടൊപ്പം നടക്കുന്നുണ്ട്. 14 കമ്പനികളിൽ നിന്നുള്ള 250 ലധികം വനിതാ താരങ്ങൾ പങ്കെടുക്കുന്ന ടൂർണമെൻറാണ് ഇത്.ഇൻഫോസിസ് അഞ്ചു തവണയും യുഎസ് ടി ഗ്ലോബൽ രണ്ടു തവണയും റാവിസ് പ്രതിധ്വനി സെവൻസ് ടൂർണമെൻറിൽ മുൻകാലങ്ങളിൽ ട്രോഫി കരസ്ഥമാക്കിയിട്ടുണ്ട്.

## കേരളത്തിന്റെ പൾസ് അറിയണമെങ്കിൽ തൃശൂരിൽ അന്വേഷിക്കണം: സുരേഷ് ഗോപി

തൃശൂർ: തദ്ദേശ തെരഞ്ഞെടുപ്പിൽ തൃശൂർ കോർപ്പറേഷനിലടക്കം ബിജെപിയുടെ പ്രതീക്ഷ ഉയർന്നിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി. ബിജെപിയിൽ ക്രമാതീതമായി പ്രതീക്ഷ വർധിച്ചുവെന്ന് ജനങ്ങൾ പറയുന്നതാണ് തങ്ങളുടെ ആത്മവിശ്വാസമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തൃശൂരിൽ കുറച്ച് പ്രധാന്യം കൂടുതലാണ്. 2024 ജൂൺ നാലിനുശേഷം കേരളത്തിന്റെ പൾസ് അറിയണമെങ്കിൽ തൃശൂരിൽ അന്വേഷിക്കണം. സത്യസന്ധമായ പൾസ് തൃശൂരിൽ നിന്നും അനുഭവപ്പെടുന്നുണ്ട്. തൃശൂർ നഗരസഭയിൽ തങ്ങൾക്ക് സ്വപ്നം പോലും കാണാൻ കഴിയാത്ത ഡിവിഷനുകളിൽ വലിയ മുന്നേറ്റം ഉണ്ടാകും. കൃത്യമായി സ്ഥാനാർഥികളെ കൊടുത്താൽ കോർപ്പറേഷൻ ബിജെപി ഭരിക്കുന്നത് കാണാമെന്നും സുരേഷ് ഗോപി പറഞ്ഞു.

# കൊട്ടക് എൻഎഫ്ഒ തുടങ്ങി

കൊച്ചി: കൊട്ടക് മ്യൂചൽ ഫണ്ടിന്റെ കൊട്ടക് റൂറൽ ഓപ്പർച്യുണിറ്റീസ് ഫണ്ട് എൻഎഫ്ഒ ആരംഭിച്ചു.

അപേക്ഷിക്കാനുള്ള അവസാന തീയതി നവംബർ 20. ചുരുങ്ങിയത് ആയിരം രൂപയും അതിനു മുകളിൽ ഇഷ്ടമുള്ള തുകയും നിക്ഷേപിക്കാം. എസ്ഐപി പർച്ചേസുകൾക്ക് ചുരുങ്ങിയ നിക്ഷേപത്തുക 500 രൂപയാണ്.

## അറ്റകുറ്റപ്പണി; പാൽചുരത്തിൽ ഗതാഗത നിയന്ത്രണം

കണ്ണൂർ: അമ്പായത്തോട് പാൽചുരം റോഡിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ കണ്ണൂർ പാൽചുരത്തിൽ ഗതാഗത നിയന്ത്രണമേർപ്പെടുത്തി.

അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ 13 വരെ ചുരം വഴിയുള്ള വാഹന ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയെന്ന് ജില്ലാ കളക്ടർ അറിയിച്ചു. വയനാട് ജില്ലയിലേക്കും തിരിച്ചുമുള്ള വാഹനങ്ങൾ നിടുംപൊയിൽ ചുരം വഴി കടന്നുപോകണം.

# കോവളം ബീച്ചിൽ തെരുവുനായ ആക്രമണം; ഹോട്ടലുടമയ്ക്ക് കടിയേറ്റു

തിരുവനന്തപുരം: കോവളം ബീച്ചിൽതെരുവുനായ ആക്രമണം. പ്രഭാത സവാരിക്കിറങ്ങിയ ഹോട്ടലുടമയ്ക്ക് കഴിഞ്ഞ ദിവസം കടിയേറ്റു. രാവിലെ ഹവ്വാ ബീച്ചിലൂടെ നടന്നുവന്ന സ്വകാര്യ ഹോട്ടൽ നടത്തുന്ന കണ്ണൂർ സ്വദേശി റോബിന്റെ വലതു കാലിൽ കൂട്ടമായെത്തിയ തെരുവുനായ കടിക്കുകയായിരുന്നു. ആക്രമണത്തിൽ നിന്ന് രക്ഷപ്പെടാനായി റോബിൻ കടലിലേക്ക് ചാടിയെങ്കിലും നായകൾ വിടാതെ പിൻതുടർന്ന് കടിക്കുകയായിരുന്നു. റോബിൻ പിന്നീട് ആശുപത്രിയിൽ ചികിത്സ തേടി. ശനിയാഴ്ച ലൈറ്റ് ഹൗസ് ബീച്ചിൽ നടപ്പാതയിലൂടെ വരികയായിരുന്ന വിദേശ വനിതയെയും തെരുവു നായ ആക്രമിച്ചിരുന്നു. റഷ്യയിൽ നിന്നുള്ള പൗളിന(32) വലതു കണങ്കാലിൽ മാരകമായി കടിയേറ്റത്.

# വൈറലായ വൈദ്യുത പോസ്റ്റുകൾ നീക്കം ചെയ്ത് കെഎസ്ഇബി

തിരുവനന്തപുരം: സാമൂഹ്യമാധ്യമങ്ങളിൽ വൈറലായ ടാറിംഗ് പൂർത്തിയായ റോഡിന് നടുവിലെ വൈദ്യുത പോസ്റ്റുകൾ നീക്കം ചെയ്ത് കെഎസ്ഇബി. നന്ദിയോട് -മുതുവിള റോഡിലായിരുന്നു വിവാദമായ വൈദ്യുത പോസ്റ്റുകൾ. ടാറിംഗ് പൂർത്തിയായ റോഡിന് നടുവിലെ പോസ്റ്റ് വൈറലായതിന് പിന്നാലെ പോസ്റ്റ് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് കെഎസ്ഇബിയെ സമീപിച്ചിരുന്നു. ഇതേതുടർന്നാണ് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചത്.

ഗ്രാമപഞ്ചായത്തും റോഡ് കരാറുകാരനും തമ്മിലുള്ള തർക്കമാണ് പ്രശ്നങ്ങൾക്കിടയാക്കിയത്. വൈദ്യുത പോസ്റ്റ് ആര് നീക്കം ചെയ്യും എന്നതിനെച്ചൊല്ലിയായിരുന്നു തർക്കം. ചെല്ലഞ്ചിപ്പാലം മുതൽ മുതുവിളയിലേക്കുള്ള റോഡിലാണ് വൈദ്യുത പോസ്റ്റുകൾ നടുവിൽ നിർത്തി ടാറിംഗ് പൂർത്തിയാക്കിയത്.

# ആറളം ഫാമിൽ ചെത്തുതൊഴിലാളിയെ ആന ഓടിച്ചു; രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്

ഇരിട്ടി: ആറളം ഫാമിൽ ചെത്തുതൊഴിലാളിയെ കാട്ടുകൊമ്പൻ ഓടിച്ചു. തൊഴിലാളിയായ കാക്കയങ്ങാട് പാറക്കണ്ടം സ്വദേശി സിനേഷ് രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്.

ഇന്ന് പുലർച്ചെ 6.15 ഓടെ ആറളം ഫാം ബ്ലോക്ക് ഒന്നിലായിരുന്നു സംഭവം. പുലർച്ചെ ബ്ലോക്ക് അഞ്ചിലെ ജോലി സ്ഥലത്തേക്കു പോകുമ്പോളായിരുന്നു ആന സിനേഷിന്റെ വാഹനത്തിനുനേരേ തിരിഞ്ഞത്.

ബ്ലോക്ക് ഒന്നിൽ എത്തിയപ്പോൾ കൊമ്പൻ വഴിമുറിച്ചുകടക്കുന്നതുകണ്ട് സിനേഷ് ബൈക്ക് ദൂരെ നിർത്തി ആന കടന്നുപോകാനായി കാത്തുനിന്നു. ആന റോഡ് മുറിച്ചുകടന്ന് കാടിനുള്ളിലേക്കുകയറി എന്ന് ഉറപ്പിച്ചശേഷം മൊബൈൽ ഓണാക്കി വീഡിയോ എടുത്തുകൊണ്ട് വാഹനം മുൻപോട്ട് എടുത്തുവന്ന സിനേഷിനുനേരേ ആന തിരിയുകയായിരുന്നു.

ചിന്നം വിളിച്ച് കൊമ്പൻ അക്രമാസക്തനായി വാഹനത്തിനു നേരേ പാഞ്ഞടുക്കുന്നതു സിനേഷ് പകർത്തിയ വീഡിയോയിൽ കാണാൻ കഴിയും. ആന പാഞ്ഞടുത്തപ്പോൾ ആത്മസംയമനം വിടാതെ വാഹനം വേഗത്തിൽ ഓടിച്ചുപോയതിനാൽ വലിയ ദുരന്തം ഒഴിവാക്കി.

ആന ഓടിച്ച ദൃശ്യം സിനേഷ് തന്നെയാണ് സമൂഹമാധ്യമങ്ങളിലൂടെ പങ്കുവെച്ചത്. ഈ സമയം മറ്റ് യാത്രക്കാർ ഇല്ലാതിരുന്നതും വൻ ദുരന്തം ഒഴിവാക്കി. രണ്ട് വർഷം മുൻപ് സിനേഷിനെ ബ്ലോക്ക് അഞ്ചിൽ വച്ച് ആന ഓടിച്ചിരുന്നു. ഫാമിനുള്ളിലെ മൺറോഡിൽ വച്ചായിരുന്നു അന്നത്തെ ആക്രമണം. ബൈക്ക് ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ട സിനേഷിന്റെ പിന്നാലെ ഏറെദൂരം കാട്ടാന പിന്തുടർന്നിരുന്നു.

## 'കേരള ലോകായുക്ത ആക്ട് ആൻഡ് റൂൾസ്' മുഖ്യമന്ത്രി പ്രകാശനം ചെയ്തു

ലോകായുക്ത തയ്യാറാക്കിയ പുസ്തകം 'കേരള ലോകായുക്ത ആക്ട് ആൻഡ് റൂൾസ്' മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. പിന്നാക്ക വിഭാഗ കമ്മീഷൻ ചെയർമാനും മുൻ ഉപ ലോകായുക്തയുമായ ജസ്റ്റിസ് ജി. ശശിധരൻ പുസ്തകം ഏറ്റുവാങ്ങി. ഉപ ലോകായുക്ത ജസ്റ്റിസ് അശോക് മേനോൻ പുസ്തകം പരിചയപ്പെടുത്തി. ദർബാർ ഹാളിൽ നടന്ന ചടങ്ങിൽ ലോകായുക്ത ജസ്റ്റിസ് എൻ. അനിൽകുമാർ അധ്യക്ഷനായി. കേരള ലോകായുക്ത സ്പെഷ്യൽ അറ്റോർണിയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനുമായ ടി. എ. ഷാജി, ഉപലോകായുക്ത ജസ്റ്റിസ് ഷിർസി വി, തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് പള്ളിച്ചൽ എസ്. കെ. പ്രമോദ്, കേരള ലോകായുക്ത രജിസ്ട്രാർ ഇ. ബൈജു എന്നിവർ സംബന്ധിച്ചു.